# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD ( 17)1076/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/09/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPKD ( 17)1076/2021 തീയ്യതി: 16/09/2021

## പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
ശ്രീമതി.താരീഖ്.എം.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അനില .സി.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി .ബീന ,എം.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മോഹനൻ .കെ.എ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 07-04-2020 |
| ശ്രീ.രാജേഷ് കുമാർ.ആർ | സെക്രട്ടറി | 08-04-2020 | 02-03-2021 |
| ശ്രീ.സമി.ഇ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |
| ശ്രീ.കൃഷ്ണൻ കുട്ടി .എം.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.സജിത.എം.വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രൻ .വി | അസി.സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീ:മണികണ്ഠൻ. | അസി.സെക്രട്ടറി (ചാർജ്ജ് ) | 03-03-2021 | 31-03-2021 |
| ഡോ.സൂരജ്.കെ.രാജ് | മെഡിക്കൽ ഓഫീസർ (PHC) | 01-04-2020 | 31-03-2021 |
| ഡോ.നിയാസ് ബാബു | മെഡിക്കൽ ഓഫീസർ (HOMEO) | 01-04-2020 | 31-03-2021 |
| ഡോ.ഗീത.എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷിജി | അസി.എൻജിനിയർ | 01-04-2020 | 22-07-2020 |
| ശ്രീ.മുഹ്സിൻ മുനവർ | അസി.എൻജിനിയർ | 23-07-2020 | 31-03-2021 |
| ഡോ.ആര്യ.എസ്.എസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-07-2020 |
| ഡോ.രമേഷ്കുമാർ.കെ.ജി | വെറ്റിനറി സർജ്ജൻ | 01-08-2020 | 04-10-2020 |
| ഡോ.ആരോൺ ജേകബ് | വെറ്റിനറി സർജ്ജൻ | 05-10-2020 | 31-03-2021 |
| ശ്രീമതി.മേഘ്ന ബാബു | കൃഷി ഓഫീസർ | 01-04- | 21-08- |

| | | | |
|---|---|---|---|
| | | 2020 | 2020 |
| ശ്രീമതി.മുഫീദ,ടി,പി | കൃഷി ഓഫീസർ | 22-08-2020 | 31-03-2021 |
| ശ്രീമതി.കല്ല്യാണിക്കുട്ടി.എൻ.വി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-05-2020 |
| ശ്രീമതി.പത്മജ.ടി.ആർ | ഹെഡ്മിസ്ട്രസ്സ് | 01-06-2020 | 31-03-2021 |
| ശ്രീമതി.രാജി മാത്യു | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.സൂജ.കെ.കെ | ICDS സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിധു വർക്കി | ഡി.ഇ.ഒ | 01-04-2020 | 05-06-2020 |
| ശ്രീമതി.അഞ്ജു കുര്യൻ | ഡി.ഇ.ഒ | 06-06-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 02-11-2020 |
| ശ്രീ.മനോജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 03-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 03-09-2021) | 1-1 |
| 2 | വാർഷിക ബജറ്റ് -യഥാർത്ഥ്യബോദ്ധ്യമുള്ളതായിരിക്കണം<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 03-09-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: M.S.Tharick (Senior Grade Auditor, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 03-09-2021) | 1-2 |
| 4 | വാർഷിക കണക്ക് പരിശോധന-അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: M.S.Tharick (Senior Grade Auditor, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-4 |
| 7 | പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: T.K.Naseer (Audit Officer, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-4-1 |
| 8 | ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-5 |
| 9 | ഫണ്ട് വിനിയോഗം -1.33 കോടി ലാപ്സാക്കി<br>Written By: T.K.Naseer (Audit Officer, On 16-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-5-1 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-9 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: T.K.Naseer (Audit Officer, On 15-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-10 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Mohanan K.A (Auditor, On 13-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-11 |
| 16 | കള്ള് ഷാപ്പുകൾ, റേഷൻ കടകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.<br>Written By: Mohanan K.A (Auditor, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-12 |
| 17 | ഷോപ്പിംഗ് കോംപ്ളക്സ്- വാടക ഇനത്തിൽ കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 16-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-13 |

| | | |
|---|---|---|
| 18 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Mohanan K.A (Auditor, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-14 |
| 19 | സഞ്ചയയിൽ ഡിമാന്റ് ഇല്ലാതെ കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Mohanan K.A (Auditor, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-15 |
| 20 | വസ്തുനികുതി - ഇളവുകൾക്ക് ആവശ്യമായ രേഖകൾ ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Mohanan K.A (Auditor, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-16 |
| 21 | കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ ലാപ് ടോപ്പുകൾ വിതരണം നടത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-17 |
| 22 | പട്ടിക ജാതി വീടുകളിൽ പി.വി.സി വാട്ടർ ടാങ്ക് നൽകൽ- 6എണ്ണം വിതരണം നടത്തിയിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-18 |
| 23 | അസി.സെക്രട്ടറി -ലാപ് ടോപ്പ് വിതരണം-അപാകതകൾ<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 14-09-2021) | 1-19 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-കട്ടിൽ വാങ്ങിച്ചത് വിതരണം നടത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-20 |
| 25 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-21 |
| 26 | സമയബന്ധിതമായി തെരുവുവിളക്ക് പരിപാലനം നടത്തിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-22 |
| 27 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനം- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-23 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-24 |
| 29 | അങ്കണവാടി ന്യൂട്രീഷൻ പ്രോഗ്രാം- കുറവായി ഇറക്കിയ ശർക്കരയുടെ വില തിരിച്ചടവാക്കി<br>Written By: C.S.Anila (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-25 |
| 30 | കാർഷിക സബ്സിഡി-മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: C.S.Anila (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-26 |
| 31 | ആടുവളർത്തൽ പദ്ധതി - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-27 |

| | | |
|---|---|---|
| 32 | ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-28 |
| 33 | ഡിപ്പോസിറ്റ് വർക്ക്- കെ എസ് ഇ ബി യിൽ നിന്നു പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണം.<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-29 |
| 34 | ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: M.S.Tharick (Senior Grade Auditor, On 16-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-30 |
| 35 | MGNREGS-മെറ്റീരിയൽ പർച്ചേസ് 2% GST ഈടാക്കിയില്ല<br>Written By: T.K.Naseer (Audit Officer, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-31 |
| 36 | MGNREGS -മുൻകൂർ ക്രമീകരിക്കണം<br>Written By: T.K.Naseer (Audit Officer, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-32 |
| 37 | കോഡൂർ കുടിവെള്ളപദ്ധതി-അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-33 |
| 38 | ഇ-ടെണ്ടർ -ടെണ്ടർ ഫീ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-34 |
| 39 | കുടിവെള്ള പദ്ധതികൾ-തുടർനടത്തിപ്പ് ചെലവ് മാർഗ്ഗരേഖ നിർദ്ധേശം പാലിക്കണം<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-35 |
| 40 | സ്ഥല ലഭ്യത ഉറപ്പാക്കാതെ പദ്ധതി ആവിഷ്കരിച്ചത് സംബന്ധിച്ച്<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-36 |
| 41 | സപ്ലമെന്ററി കരാർ-സ്റ്റാമ്പ് ഡ്യൂട്ടി/യിൽ കുറവ്<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-37 |
| 42 | ഡ്രൈനേജ് വർക്ക് -സെന്റിങ് ഷട്ടറിങ് -അധിക നിരക്ക് അനുവദിച്ചു<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-38 |
| 43 | മരാമത്ത് പ്രവർത്തി-അവലോകനം<br>Written By: T.K.Naseer (Audit Officer, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-39 |
| 44 | തെരുവുവിളക്കുകളുടെ വാർഡുതല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-40 |
| 45 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം നൽക്കൽ- ബ്ളോക്ക് ഷെയർ 500000/- രൂപ ചെലവഴിച്ചിട്ടില്ല<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-41 |
| 46 | പഞ്ചായത്ത് കേന്ദ്രീകൃത പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ എല്ലാ വാങ്ങലുകളും രേഖപ്പെടുത്തിയിട്ടില്ല.<br>Written By: M.S.Tharick (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-42 |

| | | |
|---|---|---|
| 47 | ചെലവു രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-43 |
| 48 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ.<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-44 |
| 49 | ഗർഭിണിസൂതികാപരിചരണം പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-45 |
| 50 | ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - അനുവദനീയമായതിലും അധികം തുക അനുവദിച്ചു<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-46 |
| 51 | ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-47 |
| 52 | ലൈഫ് പദ്ധതി-(എസ്.സി.പി.) ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: M.V.Beena (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-48 |
| 53 | ശൗചാലയങ്ങളുടെ പുനർനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: M.V.Beena (Senior Grade Auditor, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-49 |
| 54 | അങ്കണവാടി ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 18-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-50 |
| 55 | ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്<br>Written By: Mohanan K.A (Auditor, On 17-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-51 |
| 56 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്<br>Written By: Mohanan K.A (Auditor, On 17-08-2021)<br>Last Updated By: Mohanan K.A (Auditor, On 19-08-2021) | 1-52 |
| 57 | ഹോമിയോ ഹോസ്പിറ്റലിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.<br>Written By: Mohanan K.A (Auditor, On 14-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 1-53 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Naseer (Audit Officer, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: M.S.Tharick (Senior Grade Auditor, On 09-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 19-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: M.S.Tharick (Senior Grade Auditor, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 15-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്.

25.3.2020 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് തീയതിയിലെ 5.2.2021 ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 വാർഷിക ബജറ്റ് -യഥാർത്ഥ്യബോദ്ധ്യമുള്ളതായിരിക്കണം

പഞ്ചായത്തിന്റെ 2020-21 വർഷത്തേക്കുള്ള ബജറ്റ് 25-03-2020 തീയതിയിലെ (1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 5-02-2021 തിയതിയിലെ (4)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള ആകെ വരവ്-ചെലവ് കണക്കുകൾ,യഥാർത്ഥ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15712997 |
| വരവ് | 359649180 |
| ആകെ വരവ് | 375362177 |
| ചെലവ് | 358204180 |
| നീക്കിയിരിപ്പ് | 17157997 |

യഥാർത്ഥ വരവ്-ചെലവ്

| | |
|---|---|
| മുന്നിരിപ്പ് | 30075398 |
| വരവ് | 87302174 |
| ആകെ വരവ് | 117377572 |
| ചെലവ് | 98974600 |
| നീക്കിയിരിപ്പ് | 18402972 |

അക്കൗണ്ട്സ് പ്രകാരം തനത് ഫണ്ട് നീക്കിയിരിപ്പ് തുക (40b)

| | |
|---|---|
| Sbi Own Fund | 8828993 |
| Mscb | 6376207 |
| Tsb Lg | 1000000 |
| ആകെ നീക്കിയിരിപ്പ് | 16205200 |

തനത്ഫണ്ടിന്റെ വിശദാംശം

| | |
|---|---|
| അടങ്കൽ | 12300940 |
| ചെലവ് | 6204785 |

അക്കൗണ്ട്സിലെ B-4 Schedule പ്രകാരം 4523524- തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. എന്നാൽ അക്കൗണ്ട്സ് പ്രകാരം തനത് ഫണ്ട് നീക്കിയിരിപ്പ് തുക 16205200- ആണ്. (16205200-4523524=11681676) ചട്ടപ്രകാരം മിച്ചഫണ്ടിന്റെ 20%ത്തിൽ അധികരിക്കാത്ത തുകക്കുള്ള പ്രൊജക്ടുകൾ മാത്രമെ തനത് ഫണ്ട് വെക്കുന്നതിനു നിർവ്വാഹമുള്ളൂ. ആയത് പാലിച്ചതായി കാണുന്നില്ല. ബജറ്റിന് മുന്നോടിയായി നിർവ്വഹണോദ്യോഗസ്ഥൻ ഭരണസമിതിയിൽ ഇതു സംബന്ധിച്ച് രേഖാമൂലം അറിയിച്ചതായി കാണുന്നില്ല.

2)ബജറ്റിൽ പ്രതീക്ഷിത റവന്യൂ വരുമാനത്തിന്റെ 5% ൽ കുറയാത്ത തുക (ഋണശീർഷകണക്ക്,ജനറൽ പർപ്പസ് ഫണ്ട് ഒഴിച്ചുള്ള ഗ്രാന്റുകൾ,വായ്പകൾ എന്നിവ ഒഴികെ) മിച്ചമുണ്ട് എന്ന് ഉറപ്പാക്കിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്.ആയത് ഫിനാൻസ് കമ്മിറ്റി,ഭരണ സമിതി എന്നിവർ പരിശോധിച്ചിട്ടില്ല. സെക്രട്ടറി ,

അക്കൗണ്ടന്റ് എന്നിവർ ആയത് പരിശോധിക്കുകയും ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-4/20-21/10.8.21).ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2021 | 25.5.2021 | - | - |

## 1-2-1 വാർഷിക കണക്ക് പരിശോധന-അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു

1) ബാലൻസ് ഷീറ്റ് B11 ഷെഡ്യൂളിലെ Capital Work In Progress (522531) ഇനത്തിലെ തുകകൾ പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ടതാണ്.
2) സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായിട്ടില്ല.

3) വാർഷിക പത്രികയിലെ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതികളുടെ കണക്കുകളും സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4)തനത് ഫണ്ടിൽ നിക്ഷേപിച്ച ബ്ളോക്ക് ഷെയർ 500000/- രൂപ ക്രമീകരിക്കേണ്ടതാണ്.

5)MNREGS അഡ്മിൻ വരവ്, EFMS വരവ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6)ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകൾ ഇനം തിരിച്ച് എഴുതി സൂക്ഷിച്ചിട്ടില്ല.
7)സ്റ്റോക്ക് രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി വാല്യൂ ബേസ്ഡ് ആയി സൂക്ഷിച്ചിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30075398 |
| വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 87302174 |
| ആകെ | 117377572 |
| ചെലവ് | 98974600 |
| നീക്കിയിരിപ്പ് | 18402972 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 95281216 | 187 | 68424850 | - | 45 | 80% |

## 1-4-1 പദ്ധതി അവലോകനം-മോണിട്ടറിങ് കാര്യക്ഷമമാക്കണം

പദ്ധതി അവലോകനം (IKM ചെലവ് പത്രിക പ്രകാരം )

വിവിധ സർക്കാർ ഗ്രാൻറുകൾ, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വരവ്, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങിയ പ്രൊജക്ട് അടങ്കലിൽ 72% മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതിനിർവ്വണം ജനോപകാരപ്രദമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 7247597 | 5817790 | 80% |
| വെറ്റിനറി സർജ്ജൻ | 9 | 8 | 1 | 4100000 | 1904983 | 46% |
| MO (PHC) | 9 | 5 | 4 | 2391392 | 695070 | 29% |
| MO (HOMEO) | 2 | 2 | 0 | 350000 | 268408 | 77% |
| MO (AYUR) | 6 | 6 | 0 | 1481930 | 1460902 | 99% |
| VEO | 19 | 18 | 1 | 22217447 | 18505790 | 83% |
| ICDS | 8 | 6 | 2 | 5836293 | 4832640 | 83% |
| DEO | 4 | 4 | 0 | 2570000 | 2570000 | 100% |
| ഫിഷറീസ് | 1 | 0 | 1 | 369000 | 0 | 0% |
| സെക്രട്ടറി | 32 | 25 | 7 | 10122234 | 7513533 | 74% |
| അസി.എഞ്ചിനീയർ | 119 | 94 | 25 | 35046452 | 22341217 | 64% |
| ഹെഡ് മാസ്റ്റർ | 3 | 0 | 3 | 78000 | 0 | 0% |
| അസി.സെക്രട്ടറി | 6 | 6 | 0 | 3470871 | 2514517 | 72% |
| ആകെ | 232 | 187 | 45 | 95281216 | 68424850 | 72% |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക/CB |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 14743612 | 14743612 | 13382301 | 1361311 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 11838491 | 11838491 | 10837474 | 1001017 |
| മെയിന്റനൻസ്,റോഡ് | | | 8650000 | 8650000 | 6333471 | 2316529 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4875186 | 4875186 | 3369765 | 1505421 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8308452 | 8308452 | 6231521 | 2076931 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6790000 | 6790000 | 1756900 | 5033100 |
| കേന്ദ്രാവിഷ്കൃത | ICDS | 625984 | 1079282 | 1705266 | 811270 | 893996 |
| | ശുചിത്വ | 527167 | 2748682 | 3275849 | 1659000 | 1616849 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടു കൾ - | മിഷൻ ഫണ്ട് | | | | | |
| ലൈഫ് മിഷൻ സംസ്ഥാനാവിഷ്കൃത ഫണ്ട് | | 34000 | 2600000 | 2634000 | 2600000 | 34000 |
| എം. എസ്.സി.ബി (ദുരിതാശ്വാസ നിധി) | | 105297 | 7487 | 112784 | 0 | 112784 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചാ യത്ത് | 1674653 | 3559952 | 5234605 | 4571694 | 662911 |
| | ജില്ലാ പഞ്ചാ യത്ത് | 531768 | 1441300 | 1973068 | 1310157 | 531768 |
| സാക്ഷരത (എസ്.ബി.ഐ) | | 447193 | 12272 | 459465 | 69360 | 390105 |
| ബി ഫണ്ട് | | - | - | - | - | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് - E.Payment | 5825436 | 17996765 | 23822201 | 14993208 | 8828993 |
| | മുണ്ടൂർ സർവീസ് കോ.ബാങ്ക് | 4514790 | 6105195 | 10619985 | 4243778 | 6376207 |
| | ട്രഷറിa/C | 17557789 | 1148492 | 18706281 | 18706281 | 0 |
| TOTAL SANITATION | | 639243 | 0 | 639243 | 401065 | 238178 |

1-5-1 ഫണ്ട് വിനിയോഗം -1.33 കോടി ലാപ്സാക്കി

പഞ്ചായത്തിലെ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ സമയബന്ധിതമായി, വിവിധ ഫണ്ടുകളുടെ ലഭ്യത ഉറപ്പാക്കി അതാത് വർഷങ്ങളിൽ പ്രവർത്തന കലണ്ടർ പ്രകാരം വിവിധ സ്റ്റാന്റിങ് കമ്മറ്റികളുടെയും ഭരണസമിതിയുടെയും മോണിട്ടറിങ്ങും നിർവ്വഹണോദ്യോഗസ്ഥരുടെ സഹകരണം ഉറപ്പാക്കലും കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. തൻവർഷം അംഗീകാരം ലഭ്യമാക്കിയ (സ്പിൽ ഓവർ അടക്കമുള്ളത് ) 232 പ്രൊജക്ടുകളിൽ 187 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. അതായത് 72% മാത്രം. **സ്ഥാപനത്തിനും, ഗുണഭോക്താക്കൾക്കും ഉപകാരപ്രദമായ രീതിയിൽ പദ്ധതി നടത്തിപ്പ് നൂറ് ശതമാനം ഉറപ്പാക്കുന്ന സംവിധാനം ഉണ്ടാവേണ്ടതാണ്.**

(1)പദ്ധതി അവലോകനം

(IKM ചെലവ് പത്രിക പ്രകാരം )

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വഹണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 1 | 7247597 | 5817790 | 82% |
| വെറ്ററിനറി സർജൻ | 9 | 8 | 1 | 4100000 | 1904983 | 46% |
| MO (PHC) | 9 | 5 | 4 | 2391392 | 695070 | 29% |
| MO (HOMEO) | 2 | 2 | 0 | 350000 | 268408 | 77% |
| MO (AYURVEDAM) | 6 | 6 | 0 | 1481930 | 1460902 | 99% |
| VEO | 19 | 18 | 1 | 22217447 | 18505790 | 83% |
| ICDS | 8 | 6 | 2 | 5836293 | 4832640 | 83% |
| DEO | 4 | 4 | 0 | 2570000 | 2570000 | 100% |
| ഫിഷറീസ് | 1 | 0 | 1 | 369000 | 0 | 0% |
| സെക്രട്ടറി | 32 | 25 | 7 | 10122234 | 7513533 | 74% |
| അസി.എൻജിനിയർ | 119 | 94 | 25 | 35046452 | 22341217 | 64% |
| ഹെഡ് മാസ്റ്റർ | 3 | 0 | 3 | 78000 | 0 | 0% |
| അസി.സെക്രട്ടറി | 6 | 6 | 0 | 3470871 | 2514517 | 72% |
| ആകെ | 232 | 187 | 45 | 95281216 | 68424850 | 72% |

(2)ഗ്രാന്റ് വിനിയോഗം

വിവിധ സർക്കാർ ഗ്രാന്റുകൾ ലഭ്യമാക്കിയതിൽ 55205741 രൂപയിൽ 41911432 രൂ മാത്രമാണ് ചെലവ്. 1.33കോടി ലാപ്സാക്കി

| ഫണ്ട് | അടങ്കൽ | ചെലവ് | സി.ബി | ശതമാനം |
|---|---|---|---|---|
| പ്ലാൻ ജനറൽ | 14743612 | 13382301 | 1361311 | 91% |
| പ്ലാൻ SCP | 11838491 | 10837474 | 1001017 | 92% |
| പ്ലാൻTSP | 0 | 0 | 0 | 0 |
| CFC (BASIC) | 8308452 | 6231521 | 2076931 | 75% |
| CFC( TIED) | 6790000 | 1756900 | 5033100 | 26% |
| റോഡ് (MG) | 8650000 | 6333471 | 2316529 | 73% |
| റോഡിതരം MG) | 4875186 | 3369765 | 1505421 | 69% |
| ആകെ | 55205741 | 41911432 | 13294309 | 76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3873 | 2512047 | 2515920 | 1644625 | 871295 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 46135282 | 46135282 | 46135282 | |
| ആകെ | 3873 | 48647329 | 48651202 | | 871295 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 50വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | ഇല്ല | |
| കർഷകതൊഴിലാളി പെൻഷൻ | 11531900 | 779 |
| വിധവാപെൻഷൻ | 22645100 | 1430 |
| വാർദ്ധക്യകാലപെൻഷൻ | 32625100 | 2344 |
| വികലാംഗപെൻഷൻ | 5785100 | 382 |
| വിവാഹ ധനസഹായം | 480000 | 16 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായവർക്കുള്ള പെൻഷൻ | 1159000 | 48 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2021 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20205 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.07.2021 | 6/2021 | 14.7.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.2006 മുതൽ 07.06.2006 വരെ | 1997-98 മുതൽ 2005-06 വരെ | 15.07.2006 |

## 1-10 ആഭ്യന്തര നിയന്ത്രണം

- പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതാണ്.
- ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനം ഡെപ്പോസിറ്റുകളും വേർ തിരിച്ച് എഴുതി കണക്കു സൂക്ഷിക്കാതെ ഒരുമിച്ച് തുടർച്ചയായാണ് എഴുതിയിട്ടുള്ളത്. ഇതുമൂലം ഓരോ ഇനത്തിന്റെയും സംക്ഷിപ്തത്തിലെ കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് വൈഷമ്യമുണ്ട്.
- സാധനസാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ അവയുടെ മൂല്യം ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21ൽ രണ്ട് പ്രാവശ്യം കൂടിയിട്ടുണ്ട്. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖകൾ പ്രകാരം ഇല്ല. എസ് .സി വിഭാഗങ്ങളിൽ സേവന മേഖലയിൽപ്പെട്ട പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാത്തതിനാൽ ലക്ഷ്യം കണ്ടെത്തിയിട്ടില്ല.
- പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണ സമിതി 2020-21 ൽ ഒരു പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. പുതിയ പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ്

ചർച്ചകളൊന്നും നടത്തിയതായി രേഖകളില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ /തനത് ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മോണിട്ടറിങ് കാര്യക്ഷമമാക്കണം

ആസ്തി സംരക്ഷണം – കൈമാറിക്കിട്ടിയതും പുതുതായി നിർമ്മിച്ചതുമായ ആസ്തികളുടെ സംരക്ഷണം ഉറപ്പാക്കണം. (പുതിയതായി നിർമ്മിച്ച സ്നേഹഭവനം (വൃദ്ധർക്ക്) ഉപയോഗിക്കുന്നില്ല. പഞ്ചായത്ത് MCF സെന്റർ & ഷ്രെഡിങ് യൂണിറ്റ് സംരക്ഷണ വേലി കെട്ടിയിട്ടില്ല, ഗ്യാസ് ക്രിമറ്റോറിയം എന്നിവ കാര്യക്ഷമമാക്കണം )

ജലജീവൻ മിഷൻ പഞ്ചായത്തിൽ ആരംഭിക്കുന്ന സാഹചര്യത്തിൽ പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നത് അത്യാവശ്യ ഘട്ടത്തിൽ മാത്രമായിരിക്കണം.

## 1-11 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവയുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

2020-2021 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-2021 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | സുരേഷ് ബാബു. കെ.എസ് |
| 2 | നൂറുൽ ഹമീദ്.എച്ച്. |
| 3 | സൗദാകരൻ. കെ.ആർ. |
| 4 | മുരളീധരൻ. എ.ആർ. |

തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/11-08-2021) നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിലെ തൊഴിലാളികൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് ഉടൻ തന്നെ കത്ത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 കള്ള് ഷാപ്പുകൾ, റേഷൻ കടകൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-2021വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം

അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്)എ.9-764/2019 തിയ്യതി: 22-01-2019 പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/11-08-2021) നൽകിയ മറുപടി : മുണ്ടൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തനത് വരുമാനമുള്ള മാർഗ്ഗങ്ങളിൽ പ്രാധാന്യമുള്ള ലൈസൻസ് ഫീസ്, ആക്ടിൽ നിഷ്കർഷിക്കുന്നവരിൽ നിന്ന് കൃത്യമായി ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഷോപ്പിംഗ് കോംപ്ളക്സ്- വാടക ഇനത്തിൽ കുടിശ്ശിക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ താഴെ പറയുന്ന വാടകക്കാരിൽ നിന്നും 2020-21 വർഷത്തിൽ വാടക പിരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരൻ | കുടിശ്ശിക സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 7/666 | രാജേഷ്. പി. | ജൂൺ 2020 മുതൽ മാർച്ച് 2021 വരെ |
| 2 | 7/672 | മോഹനൻ.പി. | ജൂൺ 2020 മുതൽ മാർച്ച് 21 വരെ |

2020-2021 വർഷം വരെ മുറികളുടെ വാടകക്കുടിശ്ശികയായി ആകെ 430365രൂപ (തൻവർഷം 180022 + കുടിശ്ശിക 250343 =430365)പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

കെ.എസ്.ഇ.ബി. (7/686)യുടെ 2020-21 ലെ കുടിശ്ശിക 17342രൂപ 20-04-2021 ന് രശീത് നമ്പർ 121190500001 പ്രകാരം അടവാക്കിയിട്ടുണ്ട്. വാടകക്കാരിൽ നിന്നും വാടക പിരിച്ചെടുക്കുന്നതിനും, കുടിശ്ശിക ഈടാക്കുന്നതിനും സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/16-08-2021) ലഭ്യമാക്കിയ മറുപടി : 2019-2020 സാമ്പത്തിക വർഷം വാടക കുടിശ്ശിക അടവാക്കാനുള്ള ശ്രീ.സജിമോൻ, ശ്രീ.ഷിജു.ടിആർ, ശ്രീ.ആസാദ് എന്നിവർക്കെതിരെ റവന്യൂ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും, മുണ്ടൂർ ഗ്രാമ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വാടക കുടിശ്ശിക ഈടാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 28-06-2021 തിയ്യതിയിലെ 5 (1)തീരുമാന പ്രകാരം നടപടി സ്വീകരിച്ചു വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷത്തിൽ അടവാക്കാനുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിന് 28-06-2021 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5 (2), 5 (3) തീരുമാന പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും , പ്രസ്തുത വിവരം വ്യക്തമാക്കി ബന്ധപ്പെട്ട വ്യക്തികൾക്ക് രേഖാമൂലം കത്ത് നൽകിയിട്ടുള്ളതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കി തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

2020-21 വർഷത്തെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയയിൽ ലഭ്യമായ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീമതി വഹീദ, W/O ഷംസുദ്ദീൻ, ഫോർട്ട് അവന്യൂ അപ്പാർട്ട്മെന്റ്, കുന്നത്തുർമേട്-ന്റെ ഉടമസ്ഥതയിലുള്ള കെ. എ. വി ഓഡിറ്റോറിയത്തിന്റെ (കെട്ടിട നം. 7/455) പുനർനിർണ്ണയ പ്രകാരമുള്ള വസ്തുനികുതി തുക അടവാക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി എതിർകക്ഷിയായി WP(C) No. 33049/19 Of 2017 പ്രകാരം കേസ് നടത്തുകയും ബഹു. ഹൈക്കോടതിയുടെ 24.01.2018-ലെ ജഡ്ജ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിലെ കുടിശ്ശിക തുക പലിശ സഹിതം (15.02.2018 മുതലുള്ള മാസങ്ങളിൽ) ആറു തുല്യ ഗഡുക്കളായി അടവാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ സഞ്ചയയിൽ നിന്നുള്ള Tax Collection Details-പ്രകാരം കെ. എ.വി ഓഡിറ്റോറിയത്തിന്റെ (കെട്ടിട നം. 7/455) വസ്തുനികുതി കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

| അർദ്ധവർഷം | കെട്ടിടനികുതി<br>(LC, SC എന്നിവ ഒഴികെ) |
|---|---|
| 2015 (II Half) | 14400 |
| 2016 (I & II Half) | 28800 |
| 2017 (I & II Half) | 28800 |
| 2018 (I & II Half) | 28800 |
| 2019 (I Half) | 14400 |
| 2020 (I & II Half) | 28800 |
| 2021 (I & II Half) | 28800 |

ശ്രീമതി വഹീദയിൽ നിന്നും നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (46/16.08.21) നൽകിയതിന് കുടിശ്ശിക ഈടാക്കുന്നതിനായി 12.03.21-ന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും നാളിതുവരെയും കുടിശ്ശിക അടവാക്കിയിട്ടില്ലെന്നും തുക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2) മൊബൈൽ ടവറുകളുടെ നികുതി ഈടാക്കിയിട്ടില്ല.

മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും നികുതി കുടിശ്ശിക വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം,ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം(ച.മീ) | വാർഷിക നികുതി | കുടിശ്ശിക ഏത് വർഷം മുതൽ | കുടിശ്ശിക തുക |
|---|---|---|---|---|---|---|
| 1 | 2/243 | റിലയൻസ് ടെലികോം | 12 | 7458 | 2020-21 രണ്ടാം അർദ്ധ വർഷം | 19041 |
| 2 | 2/263 | ബി. എസ്. | 22 | 13200 | 2015-16 | 89496 |

| | | | | | | |
|---|---|---|---|---|---|---|
| | | എൻ. എൽ | | | ഒന്നാം അർദ്ധ വർഷം | |
| 3 | 8/523 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 18.5 | 13589 | 2019-20 ഒന്നാം അർദ്ധ വർഷം | |

നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (46/16.08.21) നൽകിയതിന് കുടിശ്ശിക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്, നാളിതുവരെയും കുടിശ്ശിക അടവാക്കാത്തതിനാൽ തുക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ മുഖ്യ സ്രോതസ്സായ വസ്തുനികുതി പിരിച്ചെടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 സഞ്ചയയിൽ ഡിമാന്റ് ഇല്ലാതെ കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു

സഞ്ചയയിലെ Discrepancy-Collection Updated Without Demand - റിപ്പോർട്ട് പ്രകാരം ഡിമാന്റ് ഇല്ലാത്ത വർഷങ്ങളിൽ നികുതി കളക്ഷൻ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | വർഷം | കാലയളവ് |
|---|---|---|
| 1/561 | 2018 | Ist Half |
| 1/470 | 2018 | Ist Half |
| 13/809 | 2020 | Ist Half |
| 17/566 | 2015 | Ist Half |

മേൽ വിഷയം ഓഡിറ്റ് അന്വേഷണം (46/16.08.21) മുഖേന ശ്രദ്ധയിൽ പെടുത്തിയതിന് കെട്ടിട നം. 13/809 നിലവിൽ വന്നത് 2020 രണ്ടാം അർദ്ധവർഷത്തിലാണ്, നികുതി കളക്ഷൻ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയപ്പോൾ 2020 ഒന്നാം അർദ്ധവർഷത്തിലേക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയെന്നും ആയതു തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റു കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

കെട്ടിട നമ്പർ 13/809 – ന്റെ ഡിമാന്റ്, കളക്ഷൻ എന്നിവ സഞ്ചയയിൽ മാറ്റം വരുത്തേണ്ടതും മറ്റു കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ പരിശോധിക്കേണ്ടതുമാണ്. Discrepancy- പരിഹരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി - ഇളവുകൾക്ക് ആവശ്യമായ രേഖകൾ ഉറപ്പുവരുത്തേണ്ടതാണ്

2020-21വർഷത്തെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയയിൽ ലഭ്യമായ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വിമുക്ത ഭടൻമാരുടെ 2000 ച.മീ വരെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് സ.ഉ (കൈ) നം. 106/2017/ ത.സ്വ.ഭ.വ തിയതി 26.05.2017 പ്രകാരം നികുതി ഇളവു ലഭ്യമാകുന്നതിന് ഓരോ വർഷവും, മേൽ ഉത്തരവിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ഒരു സാക്ഷ്യപത്രം സെക്രട്ടറിക്ക് നൽകേണ്ടതാണ്. 2000 ച.മീ-നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ സഞ്ചയയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന മൂന്നുപേർക്ക് മേൽ പറഞ്ഞ വിഭാഗത്തിൽ സാക്ഷ്യപത്രം ഇല്ലാതെ നികുതി ഇളവു നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | പേര്, മേൽവിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീ) |
|---|---|---|---|
| 1 | 9/663 | എം.എ.രാമചന്ദ്രൻ | 201 |
| 2 | 18/79 | ജനാർദ്ദനൻകോന്നത്ത് | 262.24 |
| 3 | 18/438 | നിഷാദ് മോൻ | 246.77 |

ഓഡിറ്റ് അന്വേഷണം (46/17.08.21) നൽകിയതിന് ശ്രീ ജനാർദ്ദനൻ, ശ്രീ നിഷാദ് മോൻ എന്നിവരുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഹാജരാക്കി.

എം. എ രാമചന്ദ്രൻ (കെട്ടിട നമ്പർ 9/663) 2021-22-ലേക്ക് നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

2) സഞ്ചയയിലെ (Discrepancy-Tax Exempted Building List) വിവരങ്ങളനുസരിച്ച് സ ഉ (എം എസ്) നം. 144/2015 ത.സ്വ.ഭ.വ തിയതി 27.04.15, സ ഉ (എം എസ്) നം. 358/2015 ത.സ്വ.ഭ.വ തിയതി 16.12.15 എന്നിവ പ്രകാരം നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട 13 കെട്ടിട ഉടമസ്ഥർ (60ച.മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾ) ഉത്തരവുപ്രകാരം നൽകേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (46/17.08.21) നൽകിയതിന് മേൽപ്പറഞ്ഞവരിൽ നിന്നും സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശം

1. വിമുക്തഭടൻമാരുടെ 2000ച.മീ -ൽ അധികം വലുപ്പമുള്ള കെട്ടിടങ്ങളുടെ വിവരങ്ങളാണ് മേൽ പരാമർശിച്ചിരിക്കുന്നത്. ഇവ കൂടാതെ ഈ വിഭാഗത്തിലുൾപ്പെടുത്തി ഇളവുകൾ നൽകിയ 2000 ച.മീ താഴെ വരുന്ന എല്ലാ കെട്ടിട ഉടമകളിൽ നിന്നും ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സഞ്ചയയിൽ മേൽവിവരങ്ങൾ കാലികമാക്കേണ്ടതുമാണ്.

2. നികുതി ഇളവു നൽകുന്നതിന് സ.ഉ (കൈ) നം. 106/2017/ത.സ്വ.ഭ.വ തീയതി 26.05.2017,സ.ഉ (കൈ) നം. 1014/2021/ത.സ്വ.ഭ.വ തിയതി 19.05.2021, സ ഉ (എം എസ്) നം. 144/2015 ത.സ്വ.ഭ.വ തിയതി 27.04.15, സ ഉ (എം എസ്) നം. 358/2015 ത.സ്വ.ഭ.വ തിയതി 16.12.15 എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഇളവുകൾ അനുവദിക്കുമ്പോൾ മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്നും കെട്ടിട ഉടമകൾ വ്യതിചലിച്ചിട്ടില്ലെന്നും ഉടമസ്ഥരുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവുകൾ അനുവദിച്ചിട്ടില്ലെന്നും കെട്ടിടം കൈമാറ്റം ചെയ്തിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങിയ ലാപ് ടോപ്പുകൾ വിതരണം നടത്തിയിട്ടില്ല

2019-20 വർഷത്തിൽ ബിരുദ - ബിരുദാനന്തര ബിരുദം, പോളി ടെക്നിക്ക് പഠിക്കുന്ന എസ്. സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ എന്ന പദ്ധതി സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല. പ്രൊജക്റ്റ് വെച്ച് വാങ്ങിയ 9 ലാപ് ടോപ്പുകൾ വിതരണം നടത്തിയിട്ടില്ലാത്തതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം- | 43/2020<br>ബിരുദം- ബിരുദാനന്തര ബിരുദം പോളി ടെക്നിക്ക് പഠിക്കുന്ന എസ് .സി | അടങ്കൽ- | 210000 |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | | |
| ചെലവ് | 197000 | ബിൽ നം-തിയതി | 4/24-03-2020 |
| നിർവ്വഹണം | അസി.സെക്രട്ടറി | കോൺട്രാക്ട് | അക്കൗണ്ട് നം -തിയതി- 799011400003959-24-03-2020 |

CPRCS മുഖേന കെൽട്രോണിൽ നിന്നും ലാപ് ടോപ്പുകൾ വാങ്ങുന്നതിനു വേണ്ടി 197000രൂപ ചെലവഴിച്ചിട്ടുണ്ട്. 14-09-2020 ന് ലാപ് ടോപ്പുകൾ ലഭിച്ചിട്ടുണ്ടെന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. എന്നാൽ ലാപ് ടോപ്പുകൾ സ്റ്റോക്കിലെടുക്കുകയോ നാളിതുവരെയായിട്ടും വിദ്യാർത്ഥികൾക്ക് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(23/11-08-21)-യ്ക്ക് മറുപടി ലഭ്യമാക്കിയതിൽ 14-09-2020 നാണ് സോഫ്റ്റ് വെയർ ഉൾപ്പെടുത്താത്ത ലാപ് ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമായതെന്നും പിന്നീട് സ്ഥാപനത്തിൽ നിന്നും സർവ്വീസ് പ്രതിനിധി വന്ന് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പും കോവിഡിനെ തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ കാരണവും ലാപ് ടോപ്പുകൾ വിതരണം നടത്താൻ കാലതാമസമായതെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹരായവരെ കണ്ടെത്തി ലാപ് ടോപ്പുകൾ വിതരണം നടത്തേണ്ടതാണ്. അതതു വർഷം തന്നെ പദ്ധതി പൂർണ്ണമായും നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിർദ്ദേശം</u>

1) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തിയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

2) സർക്കാർ എയ്ഡഡ്/ സ്വയാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവ്വകലാശാല അഫിലിയേറ്റഡ് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിനു വിധേയമായി മാത്രം ആനുകൂല്യം നൽകാൻ പാടുള്ളൂ.

3) ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4) ലാപ് ടോപ്പുകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.മോണിട്ടറിങ് സമിതിയുടെ ശ്രദ്ധ ഈ കാര്യത്തിൽ ക്ഷണിക്കുന്നു.അടിയന്തിര നടപടി ഉണ്ടാവേണ്ടതാണ്

<u>1-18 പട്ടിക ജാതി വീടുകളിൽ പി.വി.സി വാട്ടർ ടാങ്ക് നൽകൽ- 6എണ്ണം വിതരണം നടത്തിയിട്ടില്ല.</u>

താഴെ സൂചിപ്പിച്ച പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ നടപടികൾ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം- | 220/20-21 (Spill Over) പട്ടിക ജാതി വീടുകളിൽ പി.വി.സി വാട്ടർ ടാങ്ക് നൽകൽ-എസ് സി പി | അടങ്കൽ | 170871-(127951+ ഗുണ. വിഹിതം 42920) |
| | | | |

| | | | |
|---|---|---|---|
| ചെലവ്- | 96229 (72149+ ഗുണ. വിഹിതം 24080) | ബിൽ നം-തിയതി | 1/20-21, 21-04-2020 |
| നിർവ്വഹണം | അസി.സെക്രട്ടറി | സൗത്ത് ഇൻ പോളിമേർസ്, തേങ്കുറുശ്ശി | ഇൻവോയ്സ് നം-തിയതി SIP-2451/11-02-2020 |

ഗ്രാമപഞ്ചായത്തിന്റെ 20-21 വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട മേൽ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 96229രൂ ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നുമാണ് 35വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളത്.തുക 21-04-2021ന് തന്നെ കൈമാറിയിട്ടുമുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ബാക്കി വന്ന 6എണ്ണം വിതരണം നടത്തിയിട്ടില്ല. മറ്റു അപാകതകൾ താഴെ കാണുക

1) ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ കോപ്പി മാത്രമെ ഹാജരാക്കിയിട്ടുള്ളൂ.

2) മുൻ വർഷത്തിൽ ഇതേ ആവശ്യത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന എസ്. സി വകുപ്പിൽ നിന്നുമുള്ള സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

3) വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4) എസ്.സി എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

5)പ്രോജക്ട് രൂപീകരണം മുതൽ അംഗീകാരം, നടത്തിപ്പ്, സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ, ഗുണഭോക്തൃതെരഞ്ഞെടുപ്പ്, വിതരണം മുതലായ കാര്യങ്ങളിൽ പഞ്ചായത്ത് രാജ് ആക്ട് , മറ്റു ബാധകമായ നിയമങ്ങളും ചട്ടങ്ങളും. മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് അനുസൃതമായിട്ടല്ല ചെലവുകൾ നടത്തിയിട്ടുള്ളത് എന്നത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.
6) 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 196,പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ.ഉ (കൈ) നം .11/2018ത.സ്വ.ഭ.വ തിയതി 29.01.2018,സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം .22/2018ത.സ്വ.ഭ.വ തിയതി 14.02.2018,സ.ഉ (സാധാ) നം .2462/2018ത.സ്വ.ഭ.വ തിയതി 19.09.2018, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച ഉത്തരവുകൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/11-08-21) മറുപടി ലഭ്യമാക്കിയതിൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം 6 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാലാണ് വാട്ടർ ടാങ്ക് വിതരണം നടത്തുവാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്. എസ് സി വകുപ്പിൽ നിന്നുമുള്ള സാക്ഷ്യ പത്രം, എസ്. സി എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം, വരുമാന സർട്ടിഫിക്കറ്റ് , വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 96229/- തടസ്സപ്പെടുത്തുന്നു.

സമയബന്ധിതമായും സർക്കാർ ഉത്തരവുകൾക്കും നിയമങ്ങൾക്കും അനുസൃതമായും പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിട്ടറിങ് സമിതിയുടെ ശ്രദ്ധ ഈ കാര്യത്തിൽ ക്ഷണിക്കുന്നു. അടിയന്തിര നടപടി ഉണ്ടാവേണ്ടതാണ്.

## 1-19 അസി.സെക്രട്ടറി -ലാപ് ടോപ്പ് വിതരണം-അപാകതകൾ

താഴെ സൂചിപ്പിച്ച പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ നടപടികൾ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം- | 165/20-21<br>ബിരുദ- ബിരുദാനന്തര ബിരുദം പോളി ടെക്നിക്ക് പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | അടങ്കൽ- | 600000 |
| ചെലവ് | 599038 | ബിൽ നം-തിയതി | 9/15-03-2021 |
| നിർവ്വഹണം | അസി.സെക്രട്ടറി | (Keltron -അക്കൗണ്ട് നം -തിയതി- | 799011400003959-15-03-2021) |

ബിരുദം- ബിരുദാനന്തര ബിരുദം, പോളി ടെക്നിക്ക് പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് 22 ലാപ് ടോപ്പ് (22*27229) വാങ്ങുന്നതിനു വേണ്ടി തുക മുൻകൂറായി പിൻവലിക്കുകയും CPRCS മുഖേന കെൽട്രോണിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയതായ രേഖകൾ ഹാജരാക്കിയിട്ടില്ല. മറ്റു അപാകതകൾ താഴെ ചേർക്കുന്നു

1) ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം കോഴ്സ് സർട്ടിഫിക്കറ്റ് കോപ്പി ഹാജരാക്കിയിട്ടില്ല.

2) എസ് .സി .വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിനു ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

3) പ്രോജക്റ്റ് രൂപീകരണം മുതൽ അംഗീകാരം, നടത്തിപ്പ്, സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വിതരണം മുതലായ കാര്യങ്ങളിൽ പഞ്ചായത്ത് രാജ് ആക്റ്റ്, മറ്റു ബാധകമായ നിയമങ്ങളും ചട്ടങ്ങളും, മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് അനുസൃതമായിട്ടല്ല ചെലവുകൾ നടത്തിയിട്ടുള്ളത് എന്നത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4) സമയബന്ധിതമായി പദ്ധതി നടപ്പാക്കിയിട്ടില്ല.

5) പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

6) സ്റ്റോക്ക് ബുക്ക്, വിതരണ രേഖ, കൈപ്പറ്റ് രേഖ എന്നിവ ഹാജരാക്കിയിട്ടില്ല

7)ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

8) മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/11-08-21) മറുപടി ലഭ്യമാക്കിയതിൽ 05/2021 നാണ് സോഫ്റ്റ് വെയർ ഉൾപ്പെടുത്താത്ത ലാപ് ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമായതെന്നും പിന്നീട് കെൽട്രോണിൽ നിന്നും സർവ്വീസ് പ്രതിനിധി വന്ന് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സി .പി. ആർ. സി മുഖേന വന്ന കാലതാമസവും കോവിഡിനെ തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ കാരണവും ലാപ് ടോപ്പുകൾ വിതരണം നടത്താൻ കാലതാമസമായതെന്ന് അറിയിച്ചിട്ടുണ്ട്. സി .പി. ആർ. സി മുഖേനയുള്ള ഓൺലൈൻ പോർട്ടലിൽ വാങ്ങലിന് എഗ്രിമെന്റ് വെയ്ക്കുന്നതിന് ഓപ്ഷൻ ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹരായവരെ കണ്ടെത്തി ലാപ് ടോപ്പുകൾ വിതരണം നടത്തേണ്ടതാണ്. അതതു വർഷം തന്നെ പദ്ധതി പൂർണ്ണമായും നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ലാപ് ടോപ്പുകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതു വരെ ചെലവ്-599038- രൂപ തടസ്സപ്പെടുത്തുന്നു.

<u>നിർദ്ദേശം</u>

1) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തിയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

2) സർക്കാർ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവ്വകലാശാല അഫിലിയേറ്റഡ് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിനു വിധേയമായി മാത്രം ആനുകൂല്യം നൽകാൻ പാടുള്ളൂ.

3) ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

4) ലാപ് ടോപ്പുകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

5) 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 196, പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ.ഉ (കൈ) നം .11/2018ത.സ്വ.ഭ.വ തിയതി 29.01.2018,സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം .22/2018ത.സ്വ.ഭ.വ തിയതി 14.02.2018,സ.ഉ (സാധാ) നം .2462/2018ത.സ്വ.ഭ.വ തിയതി 19.09.2018, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണം നടത്തേണ്ടത്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മോണിട്ടറിങ് സമിതിയുടെ ശ്രദ്ധ ഈ കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ-കട്ടിൽ വാങ്ങിച്ചത് വിതരണം നടത്തിയിട്ടില്ല

താഴെ സൂചിപ്പിച്ച പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ നടപടികൾ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം- | 164/20-21 വയോജനങ്ങൾക്ക് കട്ടിൽ നൽകൽ(എസ്.സി) | അടങ്കൽ- | 300000 |
| ചെലവ് | 299250- | ബിൽ നം-തിയതി | 10/15-03-2021 |
| നിർവ്വഹണം | അസി.സെക്രട്ടറി | സിഡ്കോ ഇൻവോയ്സ് നം-തിയതി | അക്കൗണ്ട് നം 01470200001780 KKD/2021/176, 27-02-2021 |

ഗ്രാമപഞ്ചായത്തിന്റെ 20-21 വാർഷിക പദ്ധതികളിൽ ഉൾപ്പെട്ട മേൽ പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 299250 തുക ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നുമാണ് 70 കട്ടിൽ വാങ്ങിയിട്ടുള്ളത്. (പഞ്ചായത്ത് തീരുമാനം-05-02-2021 7(1). തുക പിൻവലിച്ച തീയതിക്കുതന്നെ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും കട്ടിൽ വിതരണം നടത്തിയിട്ടില്ല. മറ്റു അപാകതകൾ താഴെ കാണുക

1) അപേക്ഷയോടൊപ്പം മുൻ വർഷത്തിൽ ഇതേ ആവശ്യത്തിനു ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

2) വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) എസ്. സി എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

4) പ്രോജക്ട് രൂപീകരണം മുതൽ അംഗീകാരം,നടത്തിപ്പ്, സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ, ഗുണഭോക്തൃതെരഞ്ഞെടുപ്പ്, വിതരണം മുതലായ കാര്യങ്ങളിൽ പഞ്ചായത്ത് രാജ് ആക്ട് , മറ്റു ബാധകമായ നിയമങ്ങളും ചട്ടങ്ങളും. മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് അനുസൃതമായിട്ടല്ല ചെലവുകൾ നടത്തിയിട്ടുള്ളത് എന്നത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

5) 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 196, പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ.ഉ (കൈ) നം .11/2018ത.സ്വ.ഭ.വ തിയതി 29.01.2018, സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം .22/2018ത.സ്വ.ഭ.വ തിയതി 14.02.2018,സ.ഉ (സാധാ) നം .2462/2018ത.സ്വ.ഭ.വ തിയതി 19.09.2018 , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കേണ്ടത്. ആയത് പാലിച്ചിട്ടില്ല.

6) സ്റ്റോക്ക് ബുക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/10-08-2021) മറുപടിയിൽ നിയമസഭ തെരഞ്ഞെടുപ്പും കോവിഡിനെ തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ കാരണവും കട്ടിൽ വിതരണം നടത്താൻ കാലതാമസമായതെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹരായവരെ കണ്ടെത്തി കട്ടിൽ വിതരണം നടത്തേണ്ടതാണ്. അതതു വർഷം തന്നെ പദ്ധതി പൂർണ്ണമായും

നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കട്ടിൽ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നതുവരെ ചെലവ് തുക 299250- തടസ്സപ്പെടുത്തുന്നു. വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മോണിട്ടറിങ് സമിതിയുടെ ശ്രദ്ധ ഈ കാര്യത്തിൽ ക്ഷണിക്കുന്നു. അടിയന്തിര നടപടി ഉണ്ടാവേണ്ടതാണ്.

നിർദ്ദേശം

1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 196,പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ.ഉ (കൈ) നം .11/2018ത.സ്വ.ഭ.വ തീയതി 29.01.2018,സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം .22/2018ത.സ്വ.ഭ.വ തീയതി 14.02.2018, സ.ഉ (സാധാ) നം .2462/2018ത.സ്വ.ഭ.വ തീയതി 19.09.2018, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പാക്കേണ്ടത് .

2) ആവശ്യമായ എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-21 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങുന്നതിനു വേണ്ടി താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 303/20-21 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | അടങ്കൽ | 150000/- തനത് ഫണ്ട് |
| ചെലവ്- | 68201 | വൗച്ചർ നം- | 22001442/29-03-2021-40036/- 22001443/ 29-03-2021-28165/- |
| നിർവ്വഹണം | സെക്രട്ടറി | കോൺട്രാക്ട് | KELTRON (A/C No.799011400003959 Sub Treasury, Vellayambalam). |

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് CPRCS മുഖേന കമ്പ്യൂട്ടർ-1 എണ്ണവും പ്രിന്റർ-2 എണ്ണവും വാങ്ങുന്നതിനായി കെൽട്രോണിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതിവരെയും മേൽ പറഞ്ഞ സാധനങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/17-08-2021) മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

നിർദ്ദേശം

സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 സമയബന്ധിതമായി തെരുവുവിളക്ക് പരിപാലനം നടത്തിയിട്ടില്ല

തെരുവുവിളക്ക് പരിപാലനം നടത്തുന്നതിനുവേണ്ടി താഴെ പറയും പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം. | 1)5/2021തെരുവുവിളക്ക് പരിപാലനം | അടങ്കൽ | 1)500000/- 2)450000/- 3)156391/- |

| | | | |
|---|---|---|---|
| | 2)8/2021തെരുവുവിളക്ക് സാധന സാമഗ്രികൾ വാങ്ങൽ<br>3)203/21തെരുവുവിളക്ക് പരിപാലനം<br>4)305/21തെരുവുവിളക്ക് പരിപാലനം | | 4)14000/- |
| ചെലവ് | 1)ചെലവ്-177000/<br>2)ചെലവ്-284962/<br>3)ചെലവ്-156391/<br>4)ചെലവ്-13988/ | ബിൽനം/ വൗച്ചർ നം | ബിൽ നം 16/21/18.11.20-159756/-<br>ബിൽ നം 20/21/05.02.21-90244/-<br>വൗച്ചർ നം 22000147/26.5.20-131379-<br>വൗച്ചർ-22000206/09.5.20-39000- |
| നിർവ്വഹണം | സെക്രട്ടറി | കോൺട്രാക്ട് | വിഷൻ ഇലക്ട്രിക്കൽസ് |

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലേയും ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി ടെണ്ടർക്ഷണിച്ചതിൽ കുറഞ്ഞതുക ക്വാട്ട് ചെയ്ത വിഷൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം മുഖേനയാണ് സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത്.താൽകാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഇലക്ട്രീഷ്യൻ മുഖേനയാണ് റിപ്പയർ വർക്ക് നടത്തുന്നത്. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതിരജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പരാതിരജിസ്റ്റർ പരിശോധിച്ചതിൽ 03/2021 മുതൽ ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം സാധനങ്ങൾ ബാക്കിയുണ്ട്.

| ഇനം | ബാക്കിയുള്ളവ |
|---|---|
| 14 Watt Led Bulb | 250 എണ്ണം |
| Led Tube Light 20 Watt | 210 എണ്ണം |
| Led Bulb 40 Watt | 37 എണ്ണം |

പരാതി രജിസ്റ്റർ പ്രകാരം വിവിധ വാർഡുകളിൽ നിന്നും തെരുവു വിളക്ക് റിപ്പയറിന് പരാതികൾ ലഭിച്ചിട്ടുണ്ട്. സമയബന്ധിതമായി തെരുവുവിളക്ക് പരിപാലനം നടത്താത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുനൽകിയ എൻക്വയറിക്ക്42/17-08-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>നിർദ്ദേശം</u>

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/ തസ്വഭവ തി.15.09.2011). ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തെരുവു വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ട കാര്യമായതിനാൽ സമയബന്ധിതമായി റിപ്പയർ വർക്ക് നടത്തേണ്ടതാണ്.

1-23 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനം- ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1,80,000/- രൂപ 18 വാർഡുകളിലെയും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡുതല സാനിറ്റേഷൻ കമ്മിറ്റി ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ / തിയ്യതി : 22000142/15-05-2020). പരിശോധനക്കായി ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 1,80,000/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും ശുചീകരണ പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി ആയത് പരിശോധനക്കായി ഹാജരാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

1-24 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : 158/21, കന്നുകുട്ടി പരിപാലനം

നിർവഹണം : വെറ്ററിനറി സർജ്ജൻ

അടങ്കൽ : 5,00,000 (വികസനഫണ്ട്- 2,50,000 + ഗുണഭോക്തൃ വിഹിതം -2,50,000)

ചെലവ് : 2,50,000 (വികസന ഫണ്ട്)

ബിൽ നം/തിയതി : 10/ 20-21/22.02.21)

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലെ 20 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണത്തിനുള്ള പഞ്ചായത്ത് വിഹിതമായ 2,50,000രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട്-ന്റെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തിയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ട്, കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/13.08.21) പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതിയുടെ ഭൗതികനേട്ടം സംബന്ധിച്ച റിപ്പോർട്ട്, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-25 അങ്കണവാടി ന്യൂട്രീഷൻ പ്രോഗ്രാം- കുറവായി ഇറക്കിയ ശർക്കരയുടെ വില തിരിച്ചടവാക്കി

പ്രോജക്ട് : 152/20-21, അങ്കണവാടി ന്യൂട്രീഷൻ പ്രോഗ്രാം

നിർവഹണം : ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ : 3136293/- ചെലവ് : 2661949/-

ബിൽ നം, തുക : 24/2020-21/30.03.21, 41368 രൂ(തനത് ഫണ്ട്)

പദ്ധതി പ്രകാരം കൗമാരക്കാരായ പെൺകുട്ടികൾക്ക് (സബല) വിതരണം ചെയ്യുന്നതിനായി പാലാഴി കുടുംബശ്രീ യൂണിറ്റിൽ നിന്നും 292കി.ഗ്രാം ശർക്കര, ഇൻവോയ്സ് നം- 062/29.12.20, തുക-41368രൂ മുഖേന 60രൂപ നിരക്കിൽ വാങ്ങിയിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത ഇൻവോയ്സ് പ്രകാരം 226 കി.ഗ്രാം ശർക്കരയാണ് സ്റ്റോക്കിലെടുത്തിരിക്കുന്നത്. വിതരണ രേഖകൾ പരിശോധിച്ചതിൽ 39 അങ്കണവാടികളിലുമായി 452 കുട്ടികൾക്ക് 1/2കി.ഗ്രാം തോതിൽ 226 കി.ഗ്രാം ശർക്കര മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. 66 കി.ഗ്രാം ശർക്കര സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്യാത്തത് ഓഡിറ്റ് അന്വേഷണം നം.17/11.08.21 മുഖേന നിർവഹണ ഉദ്യോഗസ്ഥയെ അറിയിച്ചതിന്

കുടുംബശ്രീ യൂണിറ്റിൽ നിന്നും ലഭ്യമായ ഇൻവോയ്സിൽ 292 കി.ഗ്രാം ശർക്കര വാങ്ങിയതായി കാണിക്കുകയും വിവിധ അങ്കണവാടികളിലായി 226 കി.ഗ്രാം ശർക്കര ഇറക്കുകയും അശ്രദ്ധ മൂലം 292 കി. ഗ്രാമിന്റെ വിലയായ 17520രൂ നല്കുകയും കൂടുതലായി നൽകിയ തുക പാലാഴി കുടുംബശ്രീ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കുറവായ ഇറക്കിയ ശർക്കരയുടെ വിലയായ 3960രൂ രശീതി നം. 12119010152З/16.08.21പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-26 കാർഷിക സബ്സിഡി-മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കണം

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തിയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രൊജക്ട്നം., പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 302/21, തരിശുഭൂമിയിലെ നെൽകൃഷി | 77600 (വി. ഫ- ജനറൽ) | 77600 |
| 306/21, തരിശുഭൂമിയിലെ പച്ചക്കറി കൃഷി | 60000 (തനത് ഫണ്ട് - 10000,<br>ജി.പ വിഹിതം-50000) | 60000 |
| 307/21, തരിശുഭൂമിയിലെ വാഴ കൃഷി | 49800 (വി. ഫ- ജനറൽ) | 49800 |
| 308/21, തരിശുഭൂമിയിലെ കിഴങ്ങ് വർഗ്ഗ കൃഷി | 30000 (വി. ഫ- ജനറൽ) | 30000 |

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് കൃഷി ഓഫീസറും വാർഡ് മെമ്പർമാരും ചേർന്ന് സ്ഥലപരിശോധന നടത്തിയ ശേഷമാണ് ആനുകൂല്യത്തിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത് എന്നും പ്രസ്തുത വിവരം അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നും വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ആട്ടുവളർത്തൽ പദ്ധതി - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തേണ്ടതാണ്

പ്രൊജക്ട് : 230/21(സ്പിൽ ഓവർ), ആട്ടുവളർത്തൽ (ജനറൽ)

നിർവഹണം : വെറ്ററിനറി സർജൻ

അടങ്കൽ : 70,000 (വികസനഫണ്ട്- ജനറൽ)

ചെലവ് : 70,000 (വികസനഫണ്ട്- ജനറൽ)

ബിൽ നം/തിയതി : 4/ 20-21/22.04.20

മേൽ പ്രൊജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നം.1 (വാർഡ് -1)- ആയി ഉൾപ്പെട്ട ശ്രീമതി കുഞ്ഞിലക്ഷ്മി, പരിയങ്ങാട് പറമ്പ്, കാഞ്ഞിക്കുളം - രണ്ട് പെണ്ണാടുകളെ വാങ്ങുന്നതിനായി 10000രൂപ ധനസഹായം

നല്കുകയും ടിയാരി ആടുകളെ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ വർഷം നടപ്പിലാക്കിയ ആടുവിതരണം - എസ് സി പി (സ്പിൽ ഓവർ പ്രൊജക്ട് നം.231/21) പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി ബിന്ദു, പുനത്തിൽ, പൂതന്നൂർ-ന് രണ്ട് ആടുകളെ വിറ്റിരിക്കുന്നത് ശ്രീമതി കുഞ്ഞിലക്ഷ്മിയാണ്. ഒരേ വർഷം നടപ്പിലാക്കിയ രണ്ടു പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾ തമ്മിലാണ് കച്ചവടം നടന്നിരിക്കുന്നത്. മേൽ പ്രൊജക്റ്റിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ 166പേർ ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ 10 പേർക്കാണ് 2019-20, 20-21വർഷങ്ങളിലായി ധനസഹായം ലഭിച്ചിരിക്കുന്നത്. അപേക്ഷകളിലൊന്നിലും അർഹതാ മാനദണ്ഡങ്ങളുടെ വിവരം ചേർക്കുകയോ ആയത് വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ വിവരങ്ങൾ ചേർക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചാണോ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും അർഹതയുള്ളവർക്ക് ധനസഹായം ലഭിക്കാതെ പോയിട്ടുണ്ടോ എന്നും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താവിന്റെ അർഹത തീരുമാനിച്ചതിന്റെയും വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 46/17.08.21 നൽകിയതിന് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് നൽകിയ ലിസ്റ്റിലുൾപ്പെട്ട അർഹതയുള്ളവർക്ക് മാത്രമേ ധനസഹായം നൽകിയിട്ടുള്ളൂവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടുണ്ടെന്നും 18.02.19-ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മിനുട്സിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഈ വാങ്ങലുകൾ കമ്മിറ്റി അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1.ലഭ്യമാകുന്ന അപേക്ഷകളിൽ അർഹതാ മാനദണ്ഡങ്ങളുടെ വിവരം ചേർക്കേണ്ടതും ആയത് വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും മാനദണ്ഡങ്ങൾക്കനുസരിച്ച് മാർക്ക് നൽകി അപേക്ഷകരിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതുമാണ്.

2. അപേക്ഷകരിൽ അർഹതയുള്ളവർക്ക് ആനുകൂല്യത്തിനുള്ള അവസരം നഷ്ടമായിട്ടില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

3.പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതിനുശേഷം മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്. മേൽ അപാകത പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 ഐ കെ എം ന് വിഹിതം നൽകൽ- ധനവിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഐ കെ എം ന് വിഹിതം നൽകൽ - എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ (അക്കൗണ്ട് നം. 57047023512) വിഹിതം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ | ചെലവ് | ബിൽ നം. & തിയതി |
|---|---|---|---|
| 1/21, ഐ. കെ. എം ന് വിഹിതം നൽകൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി | 103123 | 103123 | 12/20-21, 22-09-21 |

കൈമാറിയ തുകയ്ക്ക് ധനവിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-29 ഡിപ്പോസിറ്റ് വർക്ക്- കെ എസ് ഇ ബി യിൽ നിന്നു പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കണം.

സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനു വേണ്ടി കെ എസ് ഇ ബി മുണ്ടൂർ( A/C No-37308419588-31119/- A/C No-00000067042186454-4680090 പ്രകാരം 499128-തുക കൈമാറിയിട്ടുണ്ട്. ഒരു വർഷമായിട്ടും പ്രവർത്തിപൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഫയൽ പരിശോധനയിൽ നിന്നും ലഭിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ | ചെലവ് | ബിൽ നം. & തിയതി |
|---|---|---|---|
| 212/21, സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി | 499128 | 499128 | 3/20-21, 27-05-21 |

കെ എസ് ഇബി യുമായി എഗ്രിമെന്റ് വെച്ച തിയതി -26-03-2020

എഗ്രിമെന്റ് പ്രകാരം പ്രവർത്തിപൂർത്തീകരിക്കേണ്ട തിയതി -31-07-2020

ഒരു വർഷമായിട്ടും പ്രവർത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (30/12-08-21) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

1-30 ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഇതിനായുള്ള ബാങ്ക് അക്കൗണ്ട് (നം-MSCB -6024 ) പ്രകാരം മുന്നിരിപ്പ് 105297 രൂപയും വരവ് 7487 രൂപയും ഉൾപ്പടെ 112784 രൂപയിൽ തൻവർഷം ചെലവൊന്നും ഇല്ല. സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

1-31 MGNREGS-മെറ്റീരിയൽ പർച്ചേസ് 2% GST ഈടാക്കിയില്ല

തൊഴിലുറപ്പിൽ 13 പദ്ധതികൾക്ക് മെറ്റീരിയൽ പർച്ചേസ് ടെൻണ്ടർ മുഖേന നടപ്പിലാക്കിയപ്പോൾ ടെൻണ്ടർ ലഭിച്ച ശ്രീ.സുരേഷ് ബാബു,ശ്രീ .മുരളി കൃഷ്ണൻ എന്നീ കോൺട്രാക്ടർമാരിൽ നിന്ന് ടാക്സ് ഉൾപ്പെടാതെയുള്ള തുകയുടെ 2% GST (1%CGST +1% SGST )ഈടാക്കി അടവാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു

| Sl No. | പ്രവർത്തി | കോൺട്രാക്ടർ | മെറ്റീരിയൽതുക |
|---|---|---|---|
| 1 | പെട്രോൾ പമ്പ് മുതൽ കല്ലുപാലം വരെ റോഡ് കോൺക്രീറ്റിംഗ് ( W -1) | മുരളി കൃഷ്ണൻ | 173047.37 FTO:979183/31.3.21 |
| 2 | കിഴക്കുമുറി കുട്ടൻകാട് റോഡ് കോൺക്രീറ്റിംഗ് W -12 | സുരേഷ്ബാബു | 140183.6 FTO:955406/29.3.21 |
| 3 | തെക്കുംകര മുതൽ കുടിവെള്ള ടാങ്ക് വരെ റോഡ് കോൺക്രീറ്റിംഗ് W -1 | മുരളി കൃഷ്ണൻ | 136890.11 FTO:956122/29.3.21 |
| 4 | തോട്ടത്തിൽ മുതൽ ചെക്ക് ഡാം വരെ റോഡ് കോൺക്രീറ്റിംഗ് (W -1) | മുരളി കൃഷ്ണൻ | 157704.86 FTO:923290/33.3.21 |
| 5 | വാലിപറമ്പ് മാരിയമ്മൻ കോവിൽ മുതൽ പഞ്ചായത്ത് കിണർ വരെ റോഡ് കോൺക്രീറ്റിംഗ് W -7 | സുരേഷ്ബാബു | 167326.49 FTO:955157/29.3.21 |
| 6 | ചമ്മലക്കുന്ന് റോഡ് | സുരേഷ്ബാബു | 157403.76 |

| | | | |
|---|---|---|---|
| | കോൺക്രീറ്റിംഗ് W -2 | | FTO:159480/29.3.21 |
| 7 | കിഴക്കേക്കര മലമ്പള്ള റോഡ് കോൺക്രീറ്റിംഗ് W -12 | സുരേഷ്ബാബു | 153019.22 FTO:956068/29.3.21 |
| 8 | മുണ്ടേക്കോട് മന്നത്ത് റോഡ് കോൺക്രീറ്റിംഗ് W -7 | മുരളി കൃഷ്ണൻ | 206669.31 FTO:979116/31.3.21 |
| 9 | ആലങ്ങാട് കാരക്കാട് റോഡ് കോൺക്രീറ്റിംഗ് W -12 | സുരേഷ്ബാബു | 164268.15 FTO;956012/29.3.21 |
| 10 | തലപൊറ്റ മേലേക്കളം റോഡ് കോൺക്രീറ്റിംഗ് W -12 | സുരേഷ്ബാബു | 188372.98 955965/29.3.21 |
| 11 | പുഴമ്പള്ളം റോഡ് കോൺക്രീറ്റിംഗ് W -2 | സുരേഷ്ബാബു | 164268.15 FTO:955202/29.3.21 |
| 12 | കീഴ് പാടം തെക്കുംപുറം റോഡ് കോൺക്രീറ്റിംഗ് W -12 | സുരേഷ്ബാബു | 162086.02 FTO-955888/29.3.21 |
| 13 | തെക്കുംകര മുതൽ പഞ്ചായത്ത് കിണർ വരെ റോഡ് കോൺക്രീറ്റിംഗ് | സുരേഷ്ബാബു | 107324.9 FTO:968115/31.3.21 |
| | സുരേഷ്ബാബു1433819(2%28676) മുരളീകൃഷ്ണൻ -674311 (2%-13486) | ആകെ | 2108130* |

(* ടാക്സ് ഉൾപ്പെടാത്ത തുക )

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-2/20-21/9.8.21)സമർപ്പിച്ച മറുപടിയിൽ തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 MGNREGS -മുൻകൂർ ക്രമീകരിക്കണം

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 1311131രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കിനിൽക്കുന്നതുൾപ്പെടെ 2020-21 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 251716യ- രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

## 1-33 കോഡൂർ കുടിവെള്ളപദ്ധതി-അപാകതകൾ

| | | | |
|---|---|---|---|
| പ്രൊജക്ട് നം/ പേര് | 273/21-കോഡൂർ കു.വെ.പ | അടങ്കൽ | 495000 (SCP) |
| ചെലവ് | 483819 | ബിൽ/തീ | 19/20-21/22.5.20 -221510/- 35/20-21/18.9.20 -262309/- |
| | | | |

| | | | |
|---|---|---|---|
| എംബുക്ക് | 60/19-20, | നിർവ്വഹണം | അസി.എൻജിനിയർ |
| കോൺട്രാക്ടർ | നൂറുൾ ഹമീദ് | നിരക്ക് | 0.007 % കുറവ് |
| എഗ്രിമെൻറ് നം | 61/19-20/AE/LSGD/MDR/21.11.2019 | | |

IETEM NO 18 പ്രകാരം 7.5 HP മോട്ടോർ സ്ഥാപിക്കാൻ 132318 അനവദിച്ചിട്ടുണ്ട് (7.5 HP Submerssible -3Phase ISI Motor To Bore Well Including Cost Of Column Pipe (UPVC UG Cable ,Nylone Rope ,And Other Fittings Including Pannel Board Etc..And Conveyances)എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഴയമോട്ടോർ മാറ്റി പുതിയത് സ്ഥാപിക്കാനാണ് പ്രവർത്തി ലക്ഷ്യമിട്ടിട്ടുള്ളത്

അപാകതകൾ

1. 7.5 HP പഴയ മോട്ടോർ സ്റ്റോക്കിലെടുത്തിട്ടില്ല (പഞ്ചായത്തിന് കൈമാറിയിട്ടില്ല )

2. പഴയ മോട്ടോർ ഉണ്ടെന്നിരിക്കെ വീണ്ടും പൈപ്പ് ,പാനൽ ബോഡ് ,UG കേബിൾ എന്നിവയ്ക്ക് വീണ്ടും തുക നൽകിയത് ക്രമപ്രകാരമല്ല

3.പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃ കമ്മറ്റിക്ക് രേഖമൂലം കൈമാറിയിട്ടില്ല.

4.മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

<u>ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-10/20-21/10.8.21) മറുപടി സമർപ്പിച്ചിട്ടില്ല മേൽ അപാകത പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.</u>

## 1-34 ഇ-ടെണ്ടർ -ടെണ്ടർ ഫീ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം

അസിസ്റ്റന്റ് എഞ്ചിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ഫോറം വിലയും GST തുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ക്രഡിറ്റ് ആവുന്നത് ഇത്തരത്തിൽ 2015-16 മുതൽ 20-21 കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില അസി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടുന്നതിന് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ട് ആയ 67381768786 (SBI മുണ്ടൂർ ) തനത് ഫണ്ട് അക്കൗണ്ടിലേക്ക് 26.11.2019 ന് സെക്രട്ടറി രേഖാമൂലം അറിയിച്ചതിൻറ അടിസ്ഥാനത്തിൽ 2015-16 മുതൽ 2019-20 വരെ കാലയളവിലെ തുക ജില്ലാ പഞ്ചായത്ത് കൈമാറിയിട്ടുണ്ട് . എന്നാൽ ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കാനുള്ള തുക അസി.എൻജിനിയർ കണക്കാക്കിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ജില്ലാ പഞ്ചായത്ത് എക്സി എൻജിനിയർ കൈമാറിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.2020-21 ൽ നടത്തിയ ഇ -ടെണ്ടർ മുഖേന ലഭ്യമാവാനുള്ള ടെണ്ടർ ഫീ ഇനത്തിലുള്ള തുക കണക്കാക്കി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-24/20-21/12.8.21) മറുപടി സമർപ്പിച്ചിട്ടില്ല മേൽ അപാകത പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 കുടിവെള്ള പദ്ധതികൾ-തുടർനടത്തിപ്പ് ചെലവ് മാർഗ്ഗരേഖ നിർദ്ദേശം പാലിക്കണം

13-ാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനവും അറ്റകുറ്റപണികളും ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറേണ്ടതും തുടർനടത്തിപ്പ് ചെലവ് കമ്മറ്റികൾ വഹിക്കണമെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 6 വാർഡുകൾ ഉൾപ്പെടുന്ന 89 പൊതുടാപ്പുകൾ ഉള്ള ചുങ്കം കുടിവെള്ള പദ്ധതി

(ജനറൽ)ഗുണഭോക്തൃസമിതിക്ക് വിട്ടു നൽകിയിട്ടുണ്ടെങ്കിലും നിലവിൽ വൈദ്യുത ചാർജ്ജ് ,പമ്പ് ഓപ്പറേറ്റർ ചെലവ് ,അറ്റകുറ്റപ്പണികൾ എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത് .പഞ്ചായത്തിൽ KWA യുടെ ജലജീവൻ പദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ഗുണഭോക്തൃസമിതിക്ക് വിട്ടു നൽകിയവയുടെ തുടർ നടത്തിപ്പ് ചെലവ് വഹിക്കുന്ന കാര്യം പുനപരിശോധിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-27/20-21/12.8.21)സമർപ്പിച്ച മറുപടിയിൽ "ഓഡിറ്റ് നിർദ്ദേശം പരിഗണിച്ച് നടപടി സ്വീകരിക്കാം "എന്ന് അറിയിച്ചിട്ടുണ്ട് .തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 സ്ഥല ലഭ്യത ഉറപ്പാക്കാതെ പദ്ധതി ആവിഷ്കരിച്ചത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം/പേര് :287/21പുനത്തിൽ കുടിവെള്ള പദ്ധതി | അടങ്കൽ :350000 (Scp ) |
| ചെലവ് :348655 | ബിൽ നം 71/20-21 / തി24.3.21 |
| നിർവ്വഹണം : | അസി.എൻജിനിയർ |

മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ 15.11.2019ൽ എഗ്രിമെന്റ് വച്ച് 13.1.2021ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.യഥാർത്ഥത്തിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 15.4.2020 ആയിരുന്നു.ഫയൽ പരിശോധിച്ചതിൽ,പഞ്ചായത്തിൽ സമർപ്പിച്ച തിയ്യതി ചേർക്കാത്ത വാർഡ് മെമ്പറുടെ (വാർഡ് -14) കത്തിൽ "നിലവിൽ ടാങ്ക് നിർമ്മിക്കാനുള്ള സ്ഥലത്ത് ടാങ്ക് നിർമ്മിച്ചാൽ വാഹന ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുമെന്നതിനാൽ ടാങ്ക് നിർമ്മാണത്തിന് യോഗ്യമല്ല " എന്ന് പറയുകയും 14.1.2020 ൽ കരാറുകാരൻ പഞ്ചായത്തിൽ സമർപ്പിച്ച കത്തിൽ "സ്ഥലം കൈമാറിയിട്ടില്ലാത്തതിനാൽ പ്രവർത്തി പൂർത്തീകരിക്കാൻ കഴിയില്ല "എന്നും പറഞ്ഞിട്ടുണ്ട് .18.1.20 അസി.എൻജിനിയർ പ്രസിഡൻറിന് ഇതു സംബന്ധിച്ച് നൽകിയ കത്തിൽ സ്ഥലം ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുമുണ്ട്.തുടർന്ന് 23.4.2020ൽ ഇതു സംബന്ധിച്ച് പഞ്ചായത്തിന് അസി.എൻജിനിയർ നൽകിയ കത്തിൽ സ്ഥല ലഭ്യത സംബന്ധിച്ച് വിശദീകരണം നൽകിയതിലും പദ്ധതി നിർവ്വഹണത്തിൽ തടസ്സമുണ്ടെന്ന് അറിയിച്ചു .തുടർന്ന് നിലവിലുള്ള സ്ഥലത്ത് ഉപയോഗ ശൂന്യമായ സ്റ്റേജ് പൊളിച്ച് പുതിയത് നിർമ്മിക്കാൻ 22.5.2020 ലെ പഞ്ചായത്ത് തീരുമാനത്തിൻറ (13 (1) )അടിസ്ഥാനത്തിലാണ് പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചത്.സ്ഥലലഭ്യത ഉറപ്പാക്കാതെ പദ്ധതി ആവിഷ്കരിച്ച്നടപ്പിലാക്കിയത് നിർവ്വഹണോദ്ധ്യഗസ്ഥൻറ അനാസ്ഥയാണ്.ബന്ധപ്പെട്ട മോണിട്ടറിങ് സമിതിയുടെ സമയോജിതമായ ഇടപെടൽ ഇല്ലാത്തത് കൊണ്ടാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത് .ഇത് സർക്കാർ ഗ്രാൻറ് ലാപ്സാവാൻ കാരണമായിട്ടുണ്ട്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-22/20-21/12.8.21) മറുപടി സമർപ്പിച്ചിട്ടില്ല .ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 സപ്ലിമെൻററി കരാർ-സ്റ്റാമ്പ് ഡ്യൂട്ടി/യിൽ കുറവ്

ടെണ്ടർ നടപടികളിൽ കേരള ഫിനാൻസ് ആക്ട്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്ട്, 1959 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി, സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിലാണ് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

| NO | പ്രവർത്തി വിവരങ്ങൾ | എഗ്രിമെൻന്റ് സ്റ്റാമ്പ് ഡ്യൂട്ടി | സപ്ളിമെൻറ് എഗ്രിമെൻറ് | കുറവ് |
|---|---|---|---|---|
| 1 | 147/20-PHC OP ബിൽ ഡിങ് നിർമ്മാണം<br>അടങ്കൽ-500000 | 450<br>11.5.2020 മുതൽ 21.6.20 വരെ ദീർഘിപ്പിച്ച | 200 | 250 |

| | | | | |
|---|---|---|---|---|
| | ബിൽ 22/20-21/15.6.20 -363000<br>തനത് ഫണ്ട് -66782<br>കോൺട്രാക്ടർ -രാജേഷ്<br>എഗ്രിമെൻറ്-73/19-20/11.12.19<br>എംബുക്ക് -63/19-20 | | | |
| 2 | 122/20-GLP മുണ്ടൂർ സ്കൂൾ<br>അടങ്കൽ-411000<br>ബിൽ 28/20-21 /15.7.20-403699<br>കോൺട്രാക്ടർ -രാജേഷ്<br>എഗ്രിമെൻറ്-45/19-20/15.11.19<br>എംബുക്ക് -32/19-20 | 270<br>15.7.2020 മുതൽ 25.8.202 വരെ ദീർഘിപ്പിച്ചു | 200 | 70 |
| 3 | 228/20-MCF കെട്ടിടം<br>അടങ്കൽ-466400<br>ബിൽ 33/20-21 /20.10.20-427539<br>കോൺട്രാക്ടർ -രജി.കെ.ഇട്ടൻ<br>എഗ്രിമെൻറ്-48/19-20/15.11.19<br>എംബുക്ക് -90/19-20 | 500<br>15.5.20 മുതൽ 25.6.20 വരെ ദീർഘിപ്പിച്ചു | ഇല്ല | 500 |
| 4 | 149/20-അംഗനവാടി കെട്ടിടം<br>അടങ്കൽ-600000<br>ബിൽ 40/20-21/30.10.20 -340317<br>കോൺട്രാക്ടർ -രാജേഷ്<br>എഗ്രിമെൻറ്-71/19-20/11.12.19<br>എംബുക്ക് -109/19-20 | 600<br>11.5.2020 മുതൽ 21.6202 വരെ ദീർഘിപ്പിച്ചു | 200 | 400 |
| 5 | 129/20-ചെമ്മണക്കുന്ന് DWS<br>അടങ്കൽ-1000000<br>ബിൽ 76/20-21/30.10.20 -416970<br>കോൺട്രാക്ടർ -നുറുൾ ഹമീദ്<br>എഗ്രിമെൻറ്-70/19-20/6.12.19<br>എംബുക്ക് -76/19-20 | 1000<br>6.6.2020 മുതൽ ദീർഘിപ്പിച്ചു നൽകി | 0<br>സപ്ലിമെൻററി എഗ്രിമെൻറ് വച്ചിട്ടില്ല | 1000 |
| 6 | 107/20-വെട്ടിതൊടി റോഡ്<br>അടങ്കൽ-655780<br>ബിൽ 72/20-21/30.10.20 -655281<br>കോൺട്രാക്ടർ -അബൂതാഹിർ<br>എഗ്രിമെൻറ്-76/19-20/13.12.19<br>എംബുക്ക് 1/2021 | 520<br>11.5.2020 മുതൽ 21.6202 വരെ ദീർഘിപ്പിച്ചു | 200 | 320 |
| 7 | പ്രൊജക്ട് :265/20-കിഴക്കേതെക്കും കര റോഡ് ടാറിങ്<br>അടങ്കൽ -608670 (MGR)<br>ചെലവ് -595453/<br>ബിൽ-32/20-21/26.8.20 -347145/ | 600<br>17.5.202 മുതൽ 27.6.2020 വരെ ദീർഘിപ്പിച്ചു | 200 | 400 |

| | | | |
|---|---|---|---|
| 50/20-21/8.3.21 -248308/<br>കോൺട്രാക്ടർ-<br>ഷംസുദ്ധീൻ .ടി.യു | | | |

കൃത്യമായ മൂല്യത്തിൽ അല്ലാതെയുള്ള എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നടത്തുവാൻ അനുവദിക്കുന്നത് നിയമപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഗ്രാമപഞ്ചായത്തിനെ പ്രതികൂലമായി ബാധിക്കാനിടയാക്കുന്നതാണ് എന്നതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം-36/20-21/16.8.21) മറുപടി സമർപ്പിച്ചിട്ടില്ല മേൽ അപാകത പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 ഡ്രൈനേജ് വർക്ക് -സെൻറിങ് ഷട്ടറിങ് -അധിക നിരക്ക് അനുവദിച്ച

| | |
|---|---|
| പ്രൊജക്ട് നം/പേര് :242/21-GLP സ്കൂൾ മുണ്ടൂർ അറ്റകുറ്റപ്പണി ((DSR 2016 COST INDEX -31.06) | അടങ്കൽ :411000 (MGNR ) |
| ചെലവ് :403699/- | ബിൽ നം-28/20-21/15.7.20-134672 (ഫൈനൽ) |
| നിർവ്വഹണം :അസി.എൻജിനിയർ | എംബുക്ക് -32/19-20,40/19-20 |
| എഗ്രിമെൻറ്-45/20-21/15.11.19 | കോൺട്രാക്ടർ -രാജേഷ്.പി |

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് ഇനം ഒന്ന് പ്രവൃത്തി പ്രകാരം സ്കൂൾ കോമ്പൗണ്ടിൽ ഡ്രൈനേജിന് വേണ്ടി 0.64 മീറ്റർ താഴ്ചയിൽ എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം യഥാക്രമം 0.10 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്തശേഷമാണ് IETEM (5) ആയി 0.54 മീറ്റർ ഉയരത്തിൽ സൈഡ്വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോംവർക്ക് ചെയ്യേണ്ടിയിരുന്നത്. പ്ലിന്ത് ലെവലിന് താഴെയുള്ള ഫോം വർക്ക് ആയതിനാലും, ഫോം വർക്കിന്റെ ഉയരം 1 മീറ്ററിൽ കുറവ് ആയതിനാലും DSOR സ്പെസിഫിക്കേഷൻ കോഡ് 5.9.1 പ്രകാരമുള്ള നിരക്കായിട്ടുള്ള, 254.19/എം2, ഇത്തരം ഐറ്റത്തിന് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 5.9.2 പ്രകാരമുള്ള 496.19/എം2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്.ഇത് ഒരുമീറ്ററിൽ അധികം ഉയരമുള്ളവയ്ക്ക് വേണ്ടിയുള്ള നിരക്കാണ് .താരതമ്യേന ഉയരം കുറവുള്ള മേൽ പ്രവർത്തിയിൽ തൊട്ട് താഴെയുള്ള നിരക്കായ 5.9.1 നൽകിയാൽ മതിയാവും (സൈഡ് വാൾ ഫോം വർക്ക് ഉയരം 0.54മീറ്റർ മാത്രമാണ് )

ഡ്രൈനേജിന്റെ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തികളിൽ, പാർശ്വഭിത്തിയുടെ പുറം ഭാഗത്ത് രണ്ടിലും മൺഭിത്തി ആകുമെന്നതിനാൽ, പാർശ്വഭിത്തിയുടെ ഉൾവശത്ത് രണ്ടുഭാഗങ്ങളിൽ മാത്രമെ സെന്ററിംഗ് ഷട്ടറിംഗ് സാധാരണ ആവശ്യമായി വരാറുള്ളൂ. ഈ പ്രൊജക്ടിൽ 0.90 മീറ്റർ വീതിയിൽ എർത്ത് വർക്ക് ചെയ്ത് 0.20 വീതിയിൽ ഇരുവശത്തും പാർശ്വഭിത്തികൾ നിർമ്മിച്ചതിനുശേഷവും ഡ്രൈനേജിന്റെ ഉൾവശം 0.70 മീറ്റർ ഉണ്ട്. ഇതിൽ നിന്നും ഡ്രൈനേജിന്റെ പാർശ്വഭിത്തിയുടെ പുറംവശത്ത് രണ്ടിലും മൺഭിത്തി ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ ഡ്രൈനേജിന്റെ പാർശ്വഭിത്തി യുടെ നാല് വശത്തും സെന്ററിംഗ് ഷട്ടറിംഗ് ആവശ്യവുമുള്ളതല്ല. മേൽ അപാകതകൾ നിമിത്തം പ്രൊജക്ടിൽ ചെലവിൽ താഴെ പറയും പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

IETEM (5) ന് അനുവദിച്ച തുക – 84.67m2x496.19/M2 = 42012.41/-

അനുവദിക്കാവുന്ന തുക – 84.67m2x 254.19/M2 = 21522.26/-

അധികച്ചെലവ് - 42012-21522 = 20490/-

അധികമായി അനുവദിച്ചത് തിരിച്ചടവാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം34/20-21/16.8.21)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.പരാമർശം പരിശോധിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-39 മരാമത്ത് പ്രവർത്തി-അവലോകനം

1. പൊതുവിവരങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| അസി.എൻജിനിയർ | 119 | 93 | 26 | 35046452 | 22341217 | 64% |

20-21 സാമ്പത്തികവർഷം 54 സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ 119 പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയതിൽ ആകെ 93 എണ്ണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവ 2021-22 ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 4 പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയ ₹.35046452/- ൽ ₹.22341217/- (64%) മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

2. പൊതു അപാകതകൾ

- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.
- കാഷ്ബുക്ക് - ദിവസേനയുള്ള എൻട്രി വരുത്തേണ്ടതും സാമ്പത്തിക വർഷാവസാനം ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- പ്രവൃത്തികളുടെ ഫയലിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.
- പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ 2019-20 വർഷം വരെ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിക്കേണ്ടതാണ്.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ ചേർന്നിട്ടുള്ളൂ. വിവിധ പദ്ധതി നിർദ്ദേശങ്ങളല്ലാതെ ഫലപ്രദങ്ങളായ നിർദ്ദേശങ്ങൾ നൽകിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

ഓപ്പൺ ടെണ്ടർ നടപടികൾ ജനകീയമല്ല.20-21 ൽ ടെണ്ടർ ചെയ്ത 47 എണ്ണത്തിൽ എല്ലാ ടെണ്ടറിലും 2

പേർ വീതം മാത്രം ടെണ്ടർ സമർപ്പിക്കുന്നുള്ളൂ (1 എസ്റ്റിമേറ്റ് നിരക്ക്, 1 എസ്റ്റിമേറ്റിൽ കൂടുതൽ )പഞ്ചായത്തിൽ 12സ്ഥിരമായിട്ടുള്ള കോൺട്രാക്ടർ ഉണ്ടെന്നിരിക്കെ എല്ലാ ടെണ്ടറിലും 2 പേർ വീതം മാത്രം പങ്കെടുക്കുന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്

ഓഡിറ്റ് നിർദ്ദേശം

രേഖകളും രജിസ്റ്ററുകളും ക്രമപ്രകാരം സൂക്ഷിക്കേണ്ടതാണ്. ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പ്രവൃത്തികൾ പ്രൊജക്റ്റ് നിർവ്വഹണകലണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ സാമ്പത്തികവർഷത്തിന്റെ അവസാനഘട്ടത്തിലേക്ക് വെച്ച് തൻ വർഷം ലഭ്യമാകുന്ന പദ്ധതി വിഹിതം ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്ന്

## 1-40 തെരുവുവിളക്കുകളുടെ വാർഡുതല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തെണമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ആയത് പാലിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ തെരുവുവിളക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡുകളിലെ ഏതൊക്കെ തെരുവ് വിളക്കുകൾക്കാണ് മീറ്റർ ഘടിപ്പിച്ചിട്ടുള്ളതെന്നും ഓരോ വാർഡുകളിൽ ഇനം തിരിച്ചുള്ള ആകെ തെരുവുവിളക്കുകളുടെ എണ്ണം എന്നിവയുടെ കണക്ക് രേഖപ്പെടുത്തുന്നതിനായി തെരുവുവിളക്കുകളുടെ അസ്സറ്റ്/ വാർഡുതല രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (40/17-08-21) മറുപടിയിൽ തെരുവുവിളക്കുകളുടെ അസ്സറ്റ്/ വാർഡുതല രജിസ്റ്റർ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്നും കെ എസ് ഇ ബി യുമായി സംയുക്തപരിശോധന നടത്തേണ്ട ആവശ്യകതയെ കുറിച്ച് ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ യഥാസമയം അറിയിക്കേണ്ടതാണ്.

## 1-41 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം നൽക്കൽ- ബ്ളോക്ക് ഷെയർ 500000/- രൂപ ചെലവഴിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നമ്പർ- | 205/2016<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം നൽക്കൽ | അടങ്കൽ- | 505000/- (500000+ തനത് ഫണ്ട് 5000) |
| നിർവ്വഹണം- | ഐ സി ഡി എസ് സൂപ്പർവൈസർ | ബ്ലോക്ക് വിഹിതം-500000 | ചെലവഴിച്ചിട്ടില്ല |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണം നൽകൽ എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 31-03-2016 ൽ ലഭിച്ച ബ്ളോക്ക് ഷെയർ 500000/- രൂപ (ചെക്ക് നമ്പർ 275215 ,SBI, Pkd) 11603400002/10-05-2016 രസീതി നമ്പർ പ്രകാരം തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതി ഉപേക്ഷിച്ചതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ച 500000/- രൂപ തിരികെ ബ്ലോക്കിൽ അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള ( 19/11-08-21 ) മറുപടിയിൽ ടി ഫണ്ട് തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-42 പഞ്ചായത്ത് കേന്ദ്രീകൃത പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ എല്ലാ വാങ്ങലുകളും രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് കേന്ദ്രീകൃത പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ എല്ലാ വാങ്ങലുകളും രേഖപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തിൽ ഭരണസമിതി അംഗീകരിച്ച പദ്ധതികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച ചെയ്യുകയോ അംഗീകരിച്ചതായോ പ്രൊക്യൂർമെന്റ് മിനുട്ട്സ് പരിശോധനയിൽ കാണുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ(പി)259/2010/ത സ്വ ഭവ തിയതി 08-11-2010 പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകൾ/അധികാരങ്ങൾ എന്ന ഖണ്ഡികയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം മേൽ പറഞ്ഞ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കണം. എന്നാൽ ചില പദ്ധതികൽ നടപ്പാക്കിയതിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉദാ:- ആവശ്യകത വിലയിരുത്തി മാത്രം സാധനങ്ങൾ വാങ്ങേണ്ടത് എന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ ബിരുദ-ബിരുദാനന്തര ബിരുദം പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ലാപ് ടോപ്പുകൾ അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലായെന്ന (അസി സെക്രട്ടറിയുടെ നോട്ട്) കാരണത്താൽ 9 ലാപ് ടോപ്പ് വിതരണം ചെയ്യാതെ 2020-21 വർഷത്തിലും 22 ലാപ് ടോപ്പ് വാങ്ങിച്ചിട്ടുണ്ട്. ആയതും വിതരണം നടത്തിയിട്ടില്ല. ആവശ്യകത വിലയിരുത്തി മാത്രം സാധനങ്ങൾ വാങ്ങേണ്ടത് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

കൃഷി, വെറ്ററിനറി, ഐ സി ഡി എസ് , മെഡിക്കൽ ഓഫീസർ എന്നിവർക്ക് പ്രത്യേകം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ വാങ്ങലുകളും കേന്ദ്രീകൃത മിനുട്ട്സിലാണ് എഴുതേണ്ടത്.

ഭരണസമിതി അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച ചെയ്യുകയോ അംഗീകരിച്ചതായോ കാണുന്നില്ല.

| പദ്ധതിയുടെ പേര് | ഭരണസമിതി അംഗീകരിച്ച തിയതി |
|---|---|
| ബിരുദ ബിരുദാനന്തര ബിരുദം പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- | 30-10-2020 2(1) തീരുമാനം |
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം നിർവ്വഹണം- സെക്രട്ടറി | 30-10-2020 2(1) തീരുമാനം |
| എസ് സി വീടുകളിൽ പി വി സി വാട്ടർ ടാങ്ക് നൽകൽ | 30-10-2020 2(1) തീരുമാനം |
| പശു വളർത്തൽ (ജനറൽ) | 12-03-2020 291) |
| ആട് വളർത്തൽ | 12-03-2020 291) |
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം- (Gen) നിർവ്വഹണം ഐ സി ഡി എസ് സൂപ്പർവൈസർ | 12-03-2020 291) |
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം- (Sc) നിർവ്വഹണം ഐ സി ഡി എസ് സൂപ്പർവൈസർ | 12-03-2020 291) |

### നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ(പി)259/2010/ത സ്വ ഭവ തീയതി 08-11-2010 വ്യവസ്ഥകൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കേന്ദ്രീകൃത പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ എല്ലാ വാങ്ങലുകളും രേഖപ്പെടുത്തേണ്ടതാണ്.

## 1-43 ചെലവു രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 169/21-പകർച്ച വ്യാധി നിയന്ത്രണം | അടങ്കൽ | 100000 |
| ചെലവ് | 70280 | ബിൽ/തി | 5 /20-21 /24.07.20 – 19000 രൂപ<br>9/ 20-21/ 24 11.20 – 29840 രൂപ<br>19/20-21/ 30.03 21 – 21440 രൂപ |
| നിർവ്വഹണം | | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ബിൽ നമ്പർ 19/തിയതി 30.03.21 പ്രകാരം പിൻവലിച്ച 21440 രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 16 – തീയതി-11.08.21) മറുപടി ലഭ്യമായിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 21440 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ.

2020-21 സാമ്പത്തീകവർഷത്തിൽ മെഡിക്കൽ ഓഫീസർ പി.എച്ച്.സി, വിവിധ പ്രോജക്ടുകൾക്കായി താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഇൻവോയ്സ് നമ്പർ / തീയതി | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|---|---|---|
| 1 | 170/21 | മാനസീക രോഗികൾക്ക് മരുന്ന വാങ്ങൽ<br>അടങ്കൽ- 300000<br>ചെലവ്-132928 | 10620 /01.07.20<br>10630 /01.07.20<br>48792 /22.02.21<br>45404 /04.02.21 | 06 /10.11.20<br>06 /10.11.20<br>14 /26.03.21<br>15 /26.03.21 | 5078<br>50000<br>27850<br>50000 |
| 2 | 257/21 | മാനസീകരോഗികൾക്ക് മരുന്ന വാങ്ങൽ<br>അടങ്കൽ-54485<br>ചെലവ്-49407 | വ്യക്തമല്ല | 02 /22.05.20<br>01 /29.04.20 | 20927<br>28480 |
| 3 | 27/21 | പാലിയേറ്റീവ് കെയർ<br>അടങ്കൽ- 500000 (വികസനഫണ്ട് – 400000 + ബ്ലോക്ക് ഷെയർ – 100000 ) | 36321 /21.12.20<br>54996 /26.03.21 | 17/ 30.03.21<br>18/30.03.21 | 73217<br>28543<br>(വികസനഫണ്ടിൽ 101760 ( 73217+28543) രൂപ |

| | | | | | |
|---|---|---|---|---|---|
| | | ചെലവ്-415955<br>(വികസനഫണ്ട് – 318513<br>ബ്ലോക്ക് ഷെയർ – 97442 ) | | | മരുന്ന വാങ്ങിക്കുന്നതിനും 216753 രൂപ പാലിയേറ്റീവ് നഴ്സിന് വേതനം നൽകുന്നതിനും മറ്റ ചെലവുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.) |

ഇവയിൽ ബിൽ നമ്പർ 01 /29.04.20 പ്രകാരം വാങ്ങിയ 28480 രൂപയുടെ മരുന്നുകൾക്ക് ഒഴികെ ബാക്കിയുള്ളവക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

എന്നാൽ ജി.ഒ.(എം.എസ്) 22/2018 തസ്വഭവ തീയതി 14.02.2018 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 07.05.03പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന വാങ്ങാൻ തുക ചെലവഴിക്കാൻ പാടില്ല.

കൂടാതെ മേൽ ഉത്തരവു പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങണം. മേൽ ഉത്തരവിലെ ഖണ്ഡിക 07.05.04 പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി 2 മാസം കഴിഞ്ഞിട്ടും മരുന്ന ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജിങ്ങ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ, നീതി ,ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങാം എന്ന നിർദ്ദേശിക്കുന്നുണ്ട്.

എന്നാൽ മേൽ പദ്ധതികൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന വാങ്ങിയിട്ടുണ്ടെങ്കിലും ഹോസ്പിറ്റൽ മാനേജിങ്ങ് കമ്മറ്റിയുടെ ശുപാർശ ലഭ്യമായതിന്റെ വിശദാംശം ഹാജരാക്കിയിട്ടില്ല. ഈ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 16/ 11.08.21) മറുപടി ലഭ്യമായിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-45 ഗർഭിണിസൂതികാപരിചരണം പദ്ധതി -മരുന്നുകൾ ലഭ്യമായിട്ടില്ല

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം/ പേര് | 80/21- ഗർഭിണിസൂതികാപരിചരണം | അടങ്കൽ | 200000 |
| ചെലവ് | 200000 | ബിൽ/ തി | 49/20-21 തിയതി 26.02.21 |
| നിർവ്വഹണം | | മെഡിക്കൽ ഓഫീസർ (ആയുർവേദം) | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് തുക പിൻവലിച്ച് ഔഷധിയുടെ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( A/C No – 5913005900000015 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിൽ 185816 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 14184 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 15 – തീയതി- 11.08.21) ഔഷധി മൂന്നോ നാലോ തവണകളായാണ് മരുന്നുകൾ സപ്ലൈ ചെയ്യുന്നതെന്നും ബാക്കി 14184 രൂപയുടെ മരുന്നുകൾ സ്റ്റോക്കില്ലാത്തതു കൊണ്ടാണ് വിതരണം നടത്താതിരുന്നതെന്നും ഔഷധി അവ എത്രയും പെട്ടെന്ന് എത്തിച്ചു തരുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുക്കേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - അനുവദനീയമായതിലും അധികം തുക അനുവദിച്ചു

മുണ്ടൂർ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി വികസനഫണ്ടിൽ നിന്നും

417150 രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 326538 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ – 180/21, ഹരിതകർമ്മസേന പ്രവർത്തനം | അടങ്കൽ -417150 (വികസനഫണ്ട്) |
| ചെലവ്- 326538 | ബിൽ നമ്പർ - 7/20-21 /13.08.20-780<br>ബിൽ നമ്പർ - 8/20-21/13.08.20-19711<br>ബിൽ നമ്പർ -10/20 -21-13.08.20-50211<br>ബിൽ നമ്പർ - 18/20-21/16.09.20-20391<br>ബിൽ നമ്പർ - 32/20-21/12.11.20-4260<br>ബിൽ നമ്പർ - 34/20-21/23.12.20-29500<br>ബിൽ നമ്പർ - 36/20-21/31/12/20-4710<br>ബിൽ നമ്പർ - 37/20-21/31.12.20--20610<br>ബിൽ നമ്പർ - 45/20-21/ 29.01.21-27285<br>ബിൽ നമ്പർ - 49/20-21/04.02.21-51000<br>ബിൽ നമ്പർ - 58/20-21/30.03.21-13080<br>ബിൽ നമ്പർ - 60/20-21/30.03.21-30000<br>ബിൽ നമ്പർ - 61/20-21/30.03.21-30000<br>ബിൽ നമ്പർ - 62 /20-21/30.03.21-25000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ | |

സ.ഉ(സാധാ)നം.703/2019/തസ്വഭവ തിയതി 25-03-2019 പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ നിരക്ക് പുനർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് ഒന്നിന് 11600 രൂപ വി.ജി.എഫ് ആയി അനുവദിക്കാവുന്നതാണ്. സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ആകെ 18 വാർഡുകൾ ഉള്ളതിനാൽ, വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കാവുന്ന തുക 208800/- രൂപ (18x11600) മാത്രമാണ്. എന്നാൽ 2020-21 വർഷത്തിൽ

വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ ഒരു വാർഡിന് 23175 രൂപ നിരക്കിലാണ് ആകെ 417150 (18x23175) രൂപ വകയിരുത്തി, മേൽ ബില്ലുകൾ പ്രകാരം അതിൽ 326538 രൂപ പിൻവലിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്. അധികമായി 117738/-രൂപ (326538-208800) ചെലവഴിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വേതനം നൽകുവാൻ യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുകക്കു പുറമേ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള വി.ജി.എഫും വിവിധ സേവനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയും പ്രയോജനപ്പെടുത്താവുന്നതാണ്. വി.ജി.എഫ് സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ അധികം നൽകിയ തുക ഹരിതകർമ്മസേനയിൽ നിന്നും നിർവ്വഹണഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തത്തിൽ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ -43 തിയതി-17.08.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-47 ലൈഫ് പദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ 95/21 , ലൈഫ് ഭവന പദ്ധതി -ജനറൽ | 10910000 | 9800000 (General -2160000 + D.P.Share -1200000 + State Share 2600000+ Others ( Hudco)- 3840000) | General 6/20-21, 29.06.20 -320000 11/20 -21 ,13.08.20/ 360000 12/20-21 ,13.08.20/ 400000 20/20-21 28.09.20 / 720000 23/20-21 28.10.20 / 200000 24/20-21, 26.10.20 / 160000 D.P Share 40/20-21, 16.01.21/ 480000 50/20-21, 04.02.21/ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | | | |
|---|---|---|---|---|
| | | | 540000<br>59/20-21, 30.03.21/ 180000 | |

2020-21 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ ധനസഹായം കൈപ്പറ്റിയിട്ടും ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.ജനറൽ വിഭാഗത്തിൽ 20 പേർ ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് / വിലാസം | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|
| 1 | പ്രസന്നകുമാരി W/O രാധാകൃഷ്ണൻ അത്താണിക്കൽ, നാമ്പുള്ളിപ്പുര | 360000 | 40000 |
| 2 | സുരജ W/O ജയപ്രകാശ്, മന്നത്ത്പറമ്പ്,മുണ്ടൂർ | 340000 | 60000 |
| 3 | സാറാക്കുട്ടി W/Oഅബ്ദുൾസലാം, കാപ്പിൽ (H) മുണ്ടൂർ | 360000 | 40000 |
| 4 | ജ്യോതി W/Oശിവദാസന്, മന്നത്തുപറമ്പ്, മുണ്ടൂർ | 360000 | 40000 |
| 5 | ഫാത്തിമ W/O ഇബ്രാഹിം പുത്തൻ പീടിയേക്കൽ പുളിപ്പറമ്പ്, എഴക്കാട്. | 260000 | 140000 |
| 6 | പുഷ്പലത W/O ഉദയകുമാർ മുതുകാട്. | 340000 | 60000 |
| 7 | സുധ W/O രാജേഷ്.എം.എസ്. കിഴക്കേവീട്, മന്നത്ത്പറമ്പ് മുണ്ടൂർ | 340000 | 60000 |
| 8 | രത്നകുമാരി . ടി.വി. W/O വാസു, പുനത്തിൽ (H) പൂതനൂർ . മുണ്ടൂർ | 340000 | 60000 |
| 9 | സുമതി. പ്രകാശൻ , പുളക്കൽപറമ്പ്,ഒട്ടുവങ്കാട്,നൊച്ചുമ്പുള്ളി | 340000 | 60000 |
| 10 | ജാസ്മിൻ , W/O അബ്ദുൾ റഷീദ് ,പഴയചുങ്കം ,എഴക്കാട്, മുണ്ടൂർ | 200000 | 200000 |
| 11 | സ്മിത W/O സതീഷ്,കിഴക്കേതൈക്കുംകര,എഴക്കാട് | 300000 | 100000 |
| 12 | ധനലക്ഷ്മി W/Oകുട്ടികൃഷ്ണൻ മുണ്ടക്കോട്, എഴക്കാട്,മുണ്ടൂർ | 40000 | 360000 |
| 13 | കുഞ്ഞിലക്ഷ്മി അമ്മ W/Oഗോവിന്ദൻകുട്ടിനായർ തോട്ടശ്ശേരി (H) കാപ്പുകാട്, കഞ്ഞിക്കുളം .പി.ഒ | 300000 | 100000 |
| 14 | മുരളി.പി.കെ (S/O) കുഞ്ഞുമോൻ പ്ളാച്ചിക്കാട് ,എഴക്കാട്. | 200000 | 200000 |
| 15 | പ്രീത W/O ഹരിദാസൻ | 340000 | 60000 |

| | | | |
|---|---|---|---|
| | വൊട്ടുപാറക്കൽ ഒട്ടുവങ്ങാട് ,മുണ്ടൂർ | | |
| 16 | നജ്മുന്നീസ W/O അബ്ദുൾ മുതലി ചളിർക്കാട് നാമ്പുള്ളിപ്പുര ,മുണ്ടൂർ | 300000 | 100000 |
| 17 | ഷീജ W/O ദിനിൽകുമാർ , താഴത്തെവീട്. എഴക്കാട് . | 300000 | 100000 |
| 18 | ശ്രീദേവി. W/O രാജൻ , ഇല്ലത്ത്കുന്ന് (H) വേലിക്കാട് .പി.ഒ , മുണ്ടൂർ | 200000 | 200000 |
| 19 | അനില W/Oവിനോദ്കുമാർ , ചളിർക്കാട്,അത്താണിക്കൽ, നാമ്പുള്ളിപ്പുര | 174000 | 226000 |
| 20 | ശ്രീദേവി , W/Oവേലായുധൻ, വലിയപറമ്പ്, നാമ്പുള്ളിപ്പുര , മുണ്ടൂർ | 300000 | 100000 |

ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ച് തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-48 ലൈഫ് പദ്ധതി-(എസ്.സി.പി.) ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ 48/21 , ലൈഫ് ഭവന പദ്ധതി - എസ്.സി.പി. | 3391000 | 1601000 | 39/20-21 , 16.01.21/ 561000<br>48/20-21, 04.02.21/ 160000<br>52/20-21, 19.03.21/ 880000 | |

2020-21 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ ധനസഹായം കൈപ്പറ്റിയിട്ടും ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു. എസ്. സി വിഭാഗത്തിൽ ആകെ 13 പേർ ഭവനം പൂർത്തിയാക്കാനുണ്ട്.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് / വിലാസം | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|
| 1 | വിജയകുമാരി.(D/O) കല്യാണി, കോട്ടൂർ ഹൗസ്,പാലക്കീഴ് | 200000 | 200000 |
| 2 | രജിത (W/O) വിനോദ് , താളിക്കാട് ,കണക്ക്പറമ്പ് , മുണ്ടൂർ | 360000 | 40000 |
| 3 | തങ്ക (D/O) കറുപ്പൻ | 40000 | 360000 |

| | | | |
|---|---|---|---|
| | കണക്ക്പറമ്പ്, പൊരിയാനി, മുണ്ടൂർ | | |
| 4 | സന്ധ്യ (W/O) കൃഷ്ണദാസ് , നാമ്പുള്ളിപ്പര, മുണ്ടൂർ | 360000 | 40000 |
| 5 | ശ്യാമള (W/O) രജിഷ് മുണ്ടക്കളം, എഴക്കാട് | 360000 | 40000 |
| 6 | ശശികല W/O വിനു,നാമ്പുള്ളിപ്പര, മുണ്ടൂർ | 360000 | 40000 |
| 7 | ഷീബ (W/O) നന്ദൻ, മുണ്ടക്കളം, എഴക്കാട്, മുണ്ടൂർ | 360000 | 40000 |
| 8 | സരിത.എം (W/O ) കൃഷ്ണകുമാർ ഇരുവിളംകാട് .പൂതനൂർ ,മുണ്ടൂർ | 40000 | 360000 |
| 9 | ബീന.(W/O) ഉണ്ണികൃഷ്ണൻ കാര്യപറമ്പ് ഹൗസ് , കഞ്ഞിക്കുളം , മുണ്ടൂർ | 300000 | 100000 |
| 10 | ലത.സി<br>W/O സുരേഷ് കുമാർ ചളിർക്കാട് (ഹൗസ്) ,മുണ്ടൂർ | 200000 | 200000 |
| 11 | സരസ്വതി.W/O മോഹനൻ,<br>തെക്കെക്കര ഹൗസ് , എഴക്കാട്. | 200000 | 200000 |
| 12 | ബിനു.സി W/Oരാജൻ , ചെടയൻകുന്നത്ത് (ഹൗസ്) , പുനത്തിൽ. | 40000 | 360000 |
| 13 | സരിത W/O രാധാകൃഷ്ണൻ,കാരക്കാട് (ഹൗസ്),മുണ്ടൂർ | 360000 | 40000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-44/ 17.08.21) ഓഗസ്റ്റ് മാസത്തിൽ വീടിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉടൻ തന്നെ ബാക്കി തുക നൽകുന്നതാണെന്നും വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-49 ശൗചാലയങ്ങളുടെ പുനർനിർമ്മാണം പൂർത്തീകരിച്ചില്ല</u>

| പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് | ബിൽനമ്പർ,തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 214/20<br>പ്രളയത്തിൽ തകർന്ന ശൗചാലയങ്ങളുടെ പുനർനിർമ്മാണം | 1013400 | ചെലവ് - 987960 (കേന്ദ്രാവിഷ്കൃതഫണ്ട് - 335000 + 652960 ) | 4/20 -21 16.04.20/ 93280<br>5/20-21, 16.04.20/ 76320<br>13/20-21, 19.08.20/ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | | | |
|---|---|---|---|
| | | 182320<br>22/20-21, 28.09.20/ 25440<br>31/20-21, 12.11.20/ 38160<br>44/21, 29.01.21/ 165360<br>51/21 ,19.03.21/ 50880<br>53/20-21 ,19.03.21/ 21200 | |

മേൽ സൂചിപ്പിച്ച പ്രോജക്റ്റുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ ധനസഹായം കൈപ്പറ്റിയിട്ടും ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ശൗചാലയ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി ബോധ്യപ്പെട്ടു. പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് ശൗചാലയം നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | അനുവദിച്ച തുക, തീയതി | അനുവദിക്കാനുള്ള തുക |
|---|---|---|---|
| 1 | തങ്കമണി W/O സുബ്രമണ്യൻ, മന്നത്തുപറമ്പ് ,മുണ്ടൂർ | 5000 / 13.03.20 | 4240 |
| 2 | മാധവി.W/Oകൃഷ്ണൻ, വടക്കേകര (ഹൗസ്), എഴക്കാട് | 5000/ 28.10.20 | 4240 |
| 3 | സാറാഉമ്മ W/O കുഞ്ഞുമുഹമ്മദ്, നാമ്പുള്ളിപ്പുര, മുണ്ടൂർ. | 5000/ 18.11.20 | 4240 |
| 4 | സുലോചന വലിയാട്ടിൽ എഴക്കാട്,മുണ്ടൂർ | 5000/ 08.02.21 | 4240 |
| 5 | ജാനകിw/O തെയ്യാലൻ, നാമ്പുള്ളിപ്പുര(ഹൗസ്), മുണ്ടൂർ | 5000/ 27.01.21 | 4240 |
| 6 | ഗിരിജ W/Oരാമനാഥന്, വേളകരംകുന്ന് (ഹൗസ്), എഴക്കാട് . | 5000/ 08.02.21 | 4240 |
| 7 | വത്സല D/O തങ്കമ്മ, കിഴക്കേതെക്കുംകര , എഴക്കാട്. | 5000/ 08.02.21 | 4240 |

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 45/17.08.21) നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് തുക അനുവദിച്ച് ശൗചാലയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-50 അങ്കണവാടി ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 39 അങ്കണവാടികളാണുള്ളത്. ഇവയുടെ നിലവിലെ ഭൗതികസാഹചര്യം സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഓഡിറ്റ് അന്വേഷണം നം. 32/13.08.2021 മുഖേന ലഭ്യമായ റിപ്പോർട്ടിലെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികളുടെ എണ്ണം | 39 |
| 2 | സ്വന്തം കെട്ടിടമുള്ളവ | 27 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് .<br>(സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മൂന്നെണ്ണം പൊളിച്ച് പുതിയ കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇവ വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്) | 12 |
| 4 | കെട്ടിടത്തിന്റെ തരം<br>കോൺക്രീറ്റ്<br>ഓടിട്ടത് | 25<br>5 |
| 5 | സ്വന്തം സ്ഥലമോ കെട്ടിടമോ ഇല്ലാത്തവ | 9 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 5 |
| 7 | ടോയ് ലെറ്റ് ഇല്ലാത്തവ<br>ബേബി ഫ്രണ്ട് ലി ടോയ് ലെറ്റ് ഇല്ലാത്തവ | ഇല്ല<br>30 |
| 8 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 1 |

ഐ സി ഡി എസ് സൂപ്പർവൈസറിൽ ലഭ്യമായ റിപ്പോർട്ട് പ്രകാരം മൂന്ന് അങ്കണവാടികളുടെ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണി തുടങ്ങിയിരിക്കുകയാണെന്നും Unfit ആയ ഒരു അങ്കണവാടി വാടക കെട്ടിടത്തിലേക്ക് മാറുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ചുറ്റുമതിൽ

ഇല്ലാത്ത അഞ്ചെണ്ണത്തിൽ രണ്ടെണ്ണത്തിന് മതിൽ കെട്ടുന്നതിന് 21-22-ൽ പ്രൊജക്റ്റ് വെച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമായ കേന്ദ്രവിഹിതത്തിൽ 893996രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമായ കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ 05.02.21-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള അങ്കണവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 30 അങ്കണവാടികളിൽ നാലെണ്ണത്തിനു മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പേരിൽ രേഖകൾ ലഭ്യമായിട്ടുള്ളത് എന്നും ബാക്കിയുള്ള 26 അങ്കണവാടികളുടെ രേഖകൾ ലഭ്യമാക്കുന്നതിന് അതാത് വാർഡ് മെമ്പർമാർ വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കി സെക്രട്ടറിക്ക് കൈമാറുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനമെടുത്തിരിക്കുന്നു.

ഓഡിറ്റ് നിർദ്ദേശം

1.പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമായ കേന്ദ്രവിഹിതത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.

2. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 30 അങ്കണവാടികളിൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ രേഖകൾ ലഭ്യമല്ലാത്ത 26 അങ്കണവാടികളുടെ ഉടമസ്ഥാവകാശ രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തി വിവരങ്ങളിൽ ആയത് ഉൾപ്പെടുത്തേണ്ടതും പഞ്ചായത്തിന്റെ ആസ്തി അന്യധീനപ്പെട്ടുപോകാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-51 ഹെഡ് മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്</u>

ഹെഡ് മാസ്റ്റർ ഗവ: എൽ.പി. സ്കൂൾ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല

| | |
|---|---|
| A) പ്രോജക്റ്റ് നം.- 146/20-21 എൽ.പി. യു.പി കുട്ടികൾക്ക്<br>എൽ.എസ്.എസ്.മോഡൽ പരീക്ഷകൾ | അടങ്കൽ- ₹ 8000 /-<br>(പൊതു വിഭാഗം) |
| B)പ്രോജക്റ്റ് നം.- 153/20-21/ഭിന്നശേഷി കലാകായിക മേളകൾ | അടങ്കൽ- ₹50000 /-<br>(തനത് ഫണ്ട്) |
| (C) പ്രോജക്റ്റ് നം.- 198/20-21/മൂന്ന് സർക്കാർ വിദ്യാലയങ്ങൾക്ക് അടുക്കള പാത്രങ്ങൾ വാങ്ങൽ | അടങ്കൽ : 20000 /- (റോഡിതരം) |

അതാതു വർഷത്തെ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്താത്തതിന് കാരണം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഭരണസമിതി വിശദീകരണം തേടിയിട്ടുണ്ടെങ്കിൽ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് .അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ സമയബന്ധിതമായി നിർവ്വഹണം നടത്താൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6 / 10-08-2021) പ്രധാനാധ്യാപിക ടി.ആർ. പത്മജ നൽകിയ മറുപടി : ഗ്രാമ പഞ്ചായത്തിലെ 22-05-2020 ന് നടന്ന യോഗത്തിൽ 2/4 നമ്പർ തീരുമാന പ്രകാരം മുൻ നിർവ്വഹണ ഉദ്യോഗസ്ഥ 31-05-2020 ന് വിരമിച്ചതിനാൽ പുതിയ നിർവ്വഹണ ഉദ്യോഗസ്ഥയായി എനിക്ക് ചുമതല ലഭിച്ചു. എന്നാൽ ട്രഷറിയിൽ നിന്നും ഡി.ഡി.ഒ. കോഡും മറ്റും ഇപ്പോഴും വിരമിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേരിലായതിനാൽ എനിക്ക് തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഡി.ഡി.ഒ കോഡ് മാറ്റുന്നതിനുള്ള അപേക്ഷ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതികൾക്ക് തുക വകയിരുത്തുകയും, തുക ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലുള്ള വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനും, പുതിയ നിർവ്വഹണോദ്യോഗസ്ഥക്ക് ഡി.ഡി.ഒ. കോഡ് മാറ്റി നൽകുന്നതിന് വേണ്ട ഉചിത നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-52 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണം നടപ്പിലാക്കി കാണുന്നില്ല

(A) പ്രോജക്റ്റ് നം.- 292/20-21 പ്രോജക്റ്റ് : വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യകൃഷി

അടങ്കൽ- പൊതു വിഭാഗം ₹ 50000

സംസ്ഥാനാവിഷ്കൃത ഫണ്ട് ₹ 49200

തനത് ഫണ്ട് ₹ 48400

മറ്റുള്ളവ ₹ 221400 (ആകെ ₹ 369000)

അതാതു വർഷത്തെ അടങ്കൽ തുക പ്രൊജക്റ്റുകൾക്ക് ചെലവഴിക്കാൻ ബന്ധപ്പെട്ട സ്റ്റാൻറ്റിംഗ് കമ്മിറ്റി, ഭരണ സമിതി, നിർവ്വഹണോദ്യോഗസ്ഥർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/10-08-2021) നൽകിയ മറുപടിയിൽ ഡി.ഡി.ഒ. കോഡ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

ഡി.ഡി.ഒ. കോഡ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-53 ഹോമിയോ ഹോസ്പിറ്റലിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് – ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (175/20)

അടങ്കൽ- ₹ 2,00,000/- (റോഡിതരം) ചെലവ് :ട്രഷറി ബിൽ നം. 2/20-21/13-11-2020

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറി മരുന്നുകൾ വാങ്ങുന്നതിനായി 2,00,000 രൂപ ഹോംകോ,ആലപ്പുഴയ്ക്ക് (അക്കൗണ്ട് നം.34306403911 IFSC Code . SBIN0012873) 13-11-2020ന് നൽകിയിട്ടുണ്ട്. എന്നാൽ 15-06-2021 ന് 36160 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഓഡിറ്റ് തയതി വരെയും 163840/- രൂപയുടെ ബാക്കി മരുന്നുകൾ ലഭ്യമായിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിക്കാനും രോഗികൾക്ക് ഉപകാരപ്രദമാം വിധത്തിൽ യഥാ സമയം മരുന്നുകൾ ലഭ്യമാകുന്നതിനും കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/12-08-2021) മരുന്നുകൾ വേഗത്തിൽ ലഭ്യമാക്കാൻ ഹോംകോയിലേക്ക് ഇ-മെയിൽ മുഖേന 10-12-

2020, 25-05-2021, 13-08-2021 തിയ്യതിയിലും, ഫോൺ മുഖേനയും ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ വേഗത്തിൽ ലഭ്യമാക്കി നൽകാം എന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്ന മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം -1 കാണുക

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| *ബ്ലോക്ക് പഞ്ചായത്ത് | 20-21 | 20000 | 298/21-വിശപ്പ് രഹിത പഞ്ചായത്ത് | 20000 | 0 |
| | 20-21 | 150000 | 176/21-പാലിന് സബ്സീഡി | 150000 | 0 |
| | 19-20 | 300000 | 217/21-പാലിന് സബ്സീഡി | 300000 | 0 |
| | 20-21 | 39300 | 30/21-സ്കോളർഷിപ്പ് | 39300 | 0 |
| | 20-21 | 721000 | 48/21-ലൈഫ് | 721000 | 0 |
| | 19-20 | 1000000 | 232/21-ലൈഫ് | 1000000 | |
| | 20-21 | 100000 | 27/21-പാലിയേറ്റീവ് | 97442 | 2558 |
| | 20-21 | 882000 | 32/21-നെൽകൃഷി | 882000 | 0 |
| | 19-20 | 51470 | 215/21-ഉഴവ് കൂലി | 51470 | |
| | 20-21 | 50000 | 306/21-പച്ചക്കറി | 50000 | 0 |
| *ജില്ലാ പഞ്ചായത്ത് | 20-21 | 60000 | 176/21-പാലിന് സബ്സീഡി | 60000 | 0 |
| | 19-20 | 60000 | 217/21പാലിന്സബ്സീഡി | 60000 | 0 |
| | | 125000 | 30/21 സ്കോളർഷിപ്പ് | 125000 | 0 |
| | | 721000 | 48/21 ലൈഫ് | 721000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1200000 | 95/21 ലൈഫ് | 1200000 | 0 |
| | | 806400 | 32/21 നെൽകൃഷി | 806400 | 0 |
| | 19-20 | 587552 | 215/21 ഉഴവ് കൂലി | 587552 | |

(*ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് സംയുക്ത പ്രോജക്ടുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

00

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ലൈൻ ദീർഘിപ്പിക്കൽ 212/21 | 3/20-21 /27.5.20 | 499128 | 0 | 499128 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ലൈഫ്-KURD-FC Loan | KURD-FC | 33470725 | 27737647 | 3840000 | 31577647 | 2810978 | 0 | 28766669 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2002-03 | 3-2 | 2007-08 | 3.52 | ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് | ബൈലോ അംഗീകാരം ലഭിച്ചു. 18-19 പദ്ധതിയിൽ ബാക്കി പ്രവൃത്തികൾക്ക് വകയിരുത്തി. സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ ) | : | 117377572 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98974600 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1695954 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 96229 | ശ്രീ.ചന്ദ്രൻ.വി ,അസി.സെക്രട്ടറി |
| 1-19 | 599038 | ശ്രീ.ചന്ദ്രൻ.വി ,അസി.സെക്രട്ടറി |
| 1-20 | 299250 | ശ്രീ.മണികണ്ഠൻ.എ ,അസി.സെക്രട്ടറി(ചാർജ്ജ്) |
| 1-23 | 180000 | സെക്രട്ടറി, രാജേഷ് കുമാർ ആർ |
| 1-38 | 403699 | അസി.എൻജിനിയർ ,ശ്രീമതി.ഷിജി |
| 1-46 | 117738 | ശ്രീമതി.രാജി മാത്യു,VEO |
| ആകെ | 1695954 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.സമി ഇ. എസ്, സെക്രട്ടറി | അസി.സെക്രട്ടറി , പുളിങ്കുന്ന് ഗ്രാ.പ,ആലപ്പുഴ | ശ്രീഏലങ്കുളത്ത് (വീട്), കാർത്തികപ്പള്ളി,ആലപ്പുഴ (ജില്ല ) |
| രാജി മാത്യു ,വി.ഇ.ഒ | വി.ഇ.ഒ,മുണ്ടൂർ ഗ്രാമപഞ്ചായത്ത് | നന്ദനം,റയിൽവേ ഹോസ്പിറ്റലിന് പിൻവശം കല്ലേകുളങ്ങര,പാലക്കാട് |
| ശ്രീ.മണികണ്ഠൻ.എ , അസി.സെക്രട്ടറി(ചാർജ്ജ്) | ,അക്കൗണ്ടൻറ് മുണ്ടൂർ ഗ്രാ.പ | മുത്തൻപാളയം,ഒലവക്കോട്, പാലക്കാട് |
| ശ്രീ.രാജേഷ് കുമാർ ആർ, സെക്രട്ടറി | സെക്രട്ടറി, മുണ്ടൂർ ഗ്രാ.പ | രജനി നിവാസ് , കൊല്ലം |
| ശ്രീ.ചന്ദ്രൻ .വി, അസി.സെക്രട്ടറി | റിട്ടയേർഡ് | സോപാനം,മാണ്ടേക്കാട്, കിണാവല്ലൂർ, പാലക്കാട്. |
| ശ്രീമതി.ഷിജി, അസി.എൻജിനിയർ | അസി.എൻജിനിയർ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്ത് | ഹൗസ് നം.74,"മിഥുൻ നിവാസ്" കഞ്ചിക്കോട് പാലക്കാട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | KSA-PKD-17/ 289,1317/11 DT.19.11.11 | 15 | 17,20,25,29,30(1), 31, 32, 36, 37, 40, 42(3), 43(1), |
| 1999-00 | KSA-PKD-17/ 289, 1317/11 DT.19.11.11 | 1 | 3 (2) |
| 2001-02 | KSA-PKD-17/ 13816 DT.03.04.17 | 2 | 2(2), 3(1) |
| 2002-03 | KSA-PKD-17/ 774/16 DT.03.04.17 | 1 | 3(2) |
| 2003-04 | KSA-PKD17/ 1173/08 Dt. 3.11.08 | 7 | 2-1, 2-3, 2-4, 2-6(1), 2-6(2), 3-1, 3-3 |
| 2004-05 | KSA-PKD-17/ 2087/14DT.23.05.15 | 6 | 3-1(1), 3-1(2), 3-2, 3-3, 3-4, 3-4(2) |
| 2005-06 | KSA-PKD-17/2087/ 14 DT.23.05.15 | 1 | 3-2 (1) |
| 2006-07 | KSA-PKD17/1499/ 2011 Dt. 19.11.11 | 7 | 2-1, 3-1, 3-2, 3-3, 3-4(1), 3-4(2), 3-5 |
| 2007-08 | KSA-PKD17/ 43/11 (4) | 15 | 2-1, 2-2, 2-3, 2-4, 2- |

| | | | |
|---|---|---|---|
| | Dt. 15.11.11 | | 5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2008-09 | KSA-PKD17/1182/12 Dt. 8.7.17 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2009-10 | KSA-PKD17/2566/ 14 Dt. 4.5.15 | 10 | 2-1, 2-1 (1), 2-1 (2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2010-11 | KSA-PKD-17/ 1897/15 Dt.16.01.16 | 5 | 2-2, 3-1, 3-4, 3-5, 3-6 |
| 2011-12 | KSA-PKD17/ 1582/18 | 10 | 2-6, 3-1, 3-5a, 3-5b, 3-6, 3-8, 3-10, 3-12, 3-13, 3-14 |
| 2012-13 | KSA-PKD-17/ 2132/16 DT.14.03.17 | 10 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10, 3-13 |
| 2013-14 2014-15 | KSA-PKD17/ 1834/17 Dt. 5.3.18 | 6 | 2-2, 2-6, 2-7, 3-1, 3-19, 3-20 |
| 2017-18 | KSA-PKD17/2495/ 18,Dt.10-01-18 | 4 | 2-1,3-2,3-3,3-5 |
| 2018-19 | KSA-PKD-17/575/ 20,Dt. 04.06.20 | 22 | 1-11 മുതൽ 3-1 വരെ |
| 2019-20 | KSA-PKD-17/945/20,Dt. 12.4.2021 | 1 | 2(1) |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്ക് സംക്ഷിപ്തം

| | | | |
|---|---|---|---|
| | Mundur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30075398.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1412975.00 |
| 140000000 | Fees & User Charges | RP-4 | 478323.00 |
| 150000000 | Sale & Hire Charges | RP-5 | 178185.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 62305765.00 |
| 171000000 | Interest Earned | RP-9 | 160763.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11139169.00 |
| 350000000 | Other Liabilities | RP-36 | 320125.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 364490.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 13850.00 |
| 311000000 | Earmarked Funds | RP-29 | 4287.00 |
| 330000000 | Secured Loans | RP-32 | 3840000.00 |
| 340000000 | Deposits Received | RP-34 | 355899.00 |
| 350000000 | Other Liabilities | RP-36 | 282248.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 5134964.00 |
| 460000000 | Loans, Advances and Deposits | RP-47 | 1311131.00 |
| | Grand total | | 117377572.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2841175.00 |
| 220000000 | Administrative Expenses | RP-12 | 2752793.00 |
| 230000000 | Operations & Maintenance | RP-13 | 2015806.00 |
| 250000000 | Decentralised Plan Programme- | RP-15 | 10695373.00 |

| | | | |
|---|---|---|---|
| | Productive Sector | | |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25275789.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4051131.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 2997126.00 |

| | | | |
|---|---|---|---|
| | Mundur Grama Panchayat<br><br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 52441581.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | | 112784.00 |
| 312000000 | Reserves | B-3 | 65298089.00 |
| | Total Reserve & Surplus | | 117852454.33 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 5828154.00 |
| | Total Grants, Contributions for Specific Purposes | | 5828154.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28766667.00 |
| | Total Loans | | 28766667.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 471770.00 |
| 350000000 | Other Liabilities | | 1191020.09 |
| | Total Current Liabilities and Provisions | | 1662790.09 |
| | TOTAL LIABILITIES | | 154110065.42 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 115278696.00 |
| 411000000 | Accumulated Depreciation | B-11 | -26596420.00 |
| 412000000 | Capital Work in Progress | B-11 (a) | 522531.00 |
| | Total Fixed Assets | | 89204807.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16617556.42 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 28766667.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 18402972.00 |
| 460000000 | Loans, Advances and Deposits | B-18 | 1 118063.00 |
| | | | |

| | | | |
|---|---|---|---|
| | Mundur Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.N0 | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | 1-1 | 7047131.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 545982.00 |
| 140000000 | Fee & User Charges | 1-4(b) | 665148.00 |
| 150000000 | Sale & Hire Charges | 1-5(b) | 180385.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | 1-6 | 194057622.00 |
| 171000000 | Interest Earned | 1-8 | 160763.00 |
| 180000000 | Other Income | 1-9 | 94466.00 |
| | Total Income | | 202751497.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | 1-10(b) | 10291770.00 |
| 220000000 | Administrative Expenses | 1-11(b) | 2752793.00 |
| 230000000 | Operations & Maintenance | 1-12(b) | 2015806.00 |
| 240000000 | Interest & Finance Charges | 1-13 | 1018.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I— 14 | 10820233.00 |
| 251000000 | Decentralised Plan Programme-Service Sector | I— 14(a) | 76797673.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I— 14(b) | 4306939.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I— 14(c) | 2997126.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | | 74791225.00 |
| 255000000 | Maintenance Projects | | 10730064.00 |
| 260000000 | Grants, Contributions & Compensation | 1-15 | 505000.00 |

| | | | |
|---|---|---|---|
| | from Own Fund / Subsidies | | |
| 270000000 | Provisions and Write off | I- 16 | 38180.00 |
| 272000000 | Depreciation | 1-17(a) | 9905830.00 |
| | Total Expenditure | | 205953657.00 |
| | Gross Surplus/ Deficit of income over Expenditure | | -3202160.00 |
| 280000000 | Prior Period Item | 1-18 | -155984.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3046176.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |